പുസ്തകം ൧൩.　　　　　　　　　　ലക്കം ൯.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസ പത്രിക.

September 1917.

# സംഗതി വിവരം.


1. കത്തോലിക്കരുടെ ഒഴിച്ചുകൂടാത്ത ഒരു ചുമതല.
2. വി. യൌസേപ്പു പിതാവ്.
3. മരണസന്നദ്ധത.
4. ജപ്പാൻ ക്രിസ്ത്യാനികൾ.
5. വി. പത്രീച്ചിയുടെ ജീവചരിത്രം.
6. തിരുഹൃദയഭക്തന്മാർ ൧൯൧൦-ലെ കന്നിമാസത്തിൽ ചെയ്യേണ്ട പൊതുക്കരുതൽ.
7. ലോകവൎത്തമാനച്ചുരുക്കം.
8. ഒരപേക്ഷ. (ഗീതം)


# നോട്ടീസ്

## ആണ്ടൊന്നുക്കു തപാൽകൂലി ഉൾപ്പടെ ബ്രി. രൂപാ ൧.

യാതൊരുത്തൻ അഞ്ചുപേരെ പത്രവരിക്കാരായി ചേൎത്തു പേരയക്കയും സ്വന്ത മേൽവിലാസത്തിൽ പത്രങ്ങളെല്ലാം ഏറ്റു വാങ്ങിച്ചുകൊടുക്കയും പത്രവരി പിരിച്ചു ഒന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്കു് ആറാമത്തെ ഒരു പത്രം സൌജന്യമായി കൊടുക്കപ്പെടും.

“കർമ്മെല കുസുമം” മാനേജർ,

Mannanam. മാന്നാനം.

മാസികവരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ചു് അപേക്ഷിക്കയൊ അല്ലെങ്കിൽ മാസിക വി. പി. ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയൊ ചെയ്യണം. പണമടയ്ക്കാതെ മാസികക്കു് ആവശ്യപ്പെടുന്നവൎക്കെല്ലാം സാധാരണ വി. പി. ആയി മാത്രമേ അയക്കയുള്ളു. മാസിക വരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറയ്ക്കു് ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സംഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.

കർമ്മല കുസുമം.

പുസ്തകം ൧൭)  ൧൯൧൮ സെപ്റ്റംബർ  (ലക്കം ൯.

## കത്തോലിക്കരുടെ ഒഴിച്ചുകൂടാത്ത ഒരു ചുമതല.

1.

നമ്മുടെ ദിവ്യരക്ഷിതാവ് "ലോകം മുഴുവനിലുംപോയി സമസ്ത സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കുവിൻ" മർക്കോസ് (൧൬ അ. ൧൫ വ.) "എല്ലാം ജാതികളേയും പഠിപ്പിച്ചു, ബാവായുടേയും പുത്രൻേറയും റൂഹാദ്കുദശായുടേയും നാമത്തിൽ മാമ്മോദീസാ മുക്കുവിൻ" (മത്ത. ൨൮ അ. ൧൯) എന്ന് അവിടുത്തെ ശിഷ്യഗണത്തോടരുളിച്ചെയ്തുകൊണ്ട്, ദിവ്യവേദം പ്രചരിപ്പിക്കേണമെന്ന് അവക്കു കൊടുത്തിട്ടുള്ള കല്പന ഏറെക്കുറെ എല്ലാ ക്രിസ്ത്യാനികളേയും ബാധിക്കുന്നതാകുന്നു. ആദിമ ക്രിസ്ത്യാനികളിൽ അൽമേനികളായിരുന്നവർ പ്രാർത്ഥന മാത്രമല്ല, ഓരോരുത്തരുടെ സ്ഥിതിക്കൊത്ത പണസഹായവും ചെയ്തിരുന്നു. ശ്ലീഹന്മാക്കും പ്രസംഗകന്മാക്കും യാത്രകഴിക്കുന്നതിനും പ്രസംഗിക്കുന്നതിനും സാധുക്കളുടേയും താഴ്ന്ന സ്ഥിതിക്കാരുടേയും ഇടയിൽനിന്നു മനസ്സുതിരിഞ്ഞുവരുന്നവരെ സഹായിക്കുന്നതിനും മററും പണം ആവശ്യമായിരുന്നു. ഇതു ക്രിസ്തീയ ജനമത്രെ അവക്കു കൊടുത്തിരുന്നതു്. ചിലർ വസ്തുക്കളുടെ ഒരുഭാഗവും മററു ചിലർ വസ്തുക്കൾ മുഴുവനും വിററുകൊണ്ടു പണം ശേഖരിച്ച് ശ്ലീഹന്മാരെയും പ്രസംഗകന്മാരെയും സഹായിച്ചിരുന്നു.

വേദപ്രചാരത്തിനുവേണ്ടി ഈ ഒത്താശ ചെയ്യുന്നതിന് സകല ക്രിസ്ത്യാനികൾക്കുമുള്ള ചുമതലയെ യൂറോപ്യൻ ക്രിസ്ത്യാനികൾ ആദിമകാലങ്ങൾ മുതൽക്കേ നല്ലവണ്ണം നിവ്വഹിച്ചിരുന്നതിനാൽ സത്യവേദം ക്രമേണ യൂറോപ്പിൽ സവ്വത്ര പരന്നു. ൧൬-ാം ശതവർഷത്തിൽ അമേരിക്കാ കണ്ടുപിടിച്ചതിൻെറശേഷം യൂറോപ്യൻ കത്തോലിക്കർ അവിടെപ്പോയി സത്യവേദം പ്രചരിപ്പിച്ചതിനാൽ അവിടേയും, അതുപോലെതന്നെ ഓസ്ത്രേലിയായിലും ക്രൈസ്തവമതത്തിന്നു പ്രാബല്യംലഭിച്ചു. ഇപ്പോൾ ലോകത്തിൽ ആകപ്പാടെ ൩൦ കോടി ക്രിസ്ത്യാനികളുള്ളതിൽ ൨൦ കോടിയും യൂറോപ്പു, അമേരിക്കാ, ഓസ്ത്രേലിയാ എന്ന മൂന്നു വൻകരകളിലായിരിക്കുന്നതുപോലെതന്നെ, ക്രിസ്തീയ ജനസംഖ്യയിൽ പകുതിയിലധികവും അടക്കിക്കൊള്ളുന്ന കത്തോലിക്കരിൽ, ഇരുപതിൽ പത്തൊൻപതുഭാഗവും അവിടങ്ങളിൽത്തന്നെ. ഈ പ്രദേശങ്ങളിൽ സത്യവേദം പ്രചരിപ്പിച്ചതുകൊണ്ടുമാത്രം അവർ സംതൃപ്തരായില്ല. സത്യവേദജ്ഞാനവിഹീനന്മാരായ ആളുകൾ കൂട്ടമായി നിവസിക്കുന്ന ഏഷ്യാഖണ്ഡം, ആഫ്രിക്കായുടെ ഭാഗങ്ങൾ മുതലായവ, മൂന്നുനാലു നൂററാണ്ടുകളായി അവരുടെ ശ്രദ്ധയെ ആകഷിച്ചിരിക്കുന്നു. തൃശ്ശിനാപ്പള്ളി മെത്രാനച്ചൻ, അദ്ദേഹത്തിൻെറ ൧൯൧൭ മേയ് മാസത്തിലെ ഇടയലേഖ

നത്തിൽ പറയുംവണ്ണം യൂറോപ്പിലും അമേരിക്കായിലുമുള്ള കത്തോലിക്കരായ അൽമേനികൾ സ്വന്ത പട്ടക്കാരുടേയും പള്ളികളുടേയും ചെലവുനടത്തി സ്വരാജ്യങ്ങളിൽ കത്തോലിക്കാ മതാഭിവൃദ്ധിക്കു ശ്രമിക്കുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഏഷ്യായിലും ആഫ്രിക്കായിലും അജ്ഞാനാന്ധകാരത്തിൽ നിമഗ്നരായി പിശാചിന്റെ അടിമകളായി ജീവിക്കുന്ന അനേകകോടി ജനങ്ങളുടെ ഇടയിൽ സത്യവേദം പ്രചരിപ്പിക്കുന്നതിനു ധാരാളമായി പണസഹായം ചെയ്തു്, ഈ രാജ്യങ്ങളിൽ വേലചെയ്യുന്ന വൈദികരെ ഉത്സാഹിപ്പിച്ചുവരുന്നു.

൧൯൧൬—ാമാണ്ടു വേദപ്രചാരത്തിനായി യൂറോപ്പിലും അമേരിക്കായിലുമുള്ള കത്തോലിക്കർ പിരിച്ചയച്ച പണത്തുക നാല്പത്തെട്ടു ലക്ഷത്തി മുപ്പതിനായിരത്തി തൊള്ളായിരത്തി നാല്പത്തഞ്ചു രൂപായാണ്. ഇതിൽ പ്രധാന ഓഹരി എടുത്തിരുന്ന രാജ്യങ്ങളുടെ പേരും പണത്തുകയും താഴെ കാണിക്കുന്നു.

| | രൂപാ. |
|---|---|
| ഫ്രാൻസ്. | ൧൮,൩൪,൨൯൫ |
| ഐക്യരാജ്യങ്ങൾ. | ൧൦’൯൭,൬൯൫ |
| ജൎമ്മനി. | ൫,൮൮,൦൧൫ |
| ബൽജിയം. | ൬,൧൩,൭൩൫ |
| അർജെന്റൈൻ. | ൧,൮൩,൫൫൫ |
| ഇററലി. | ൧,൩൩,൪൬൫ |
| ഐർലണ്ടു. | ൧,൫൮,൬൦൫ |
| സ്പെയിൻ. | ൧,൬൬,൪൯൦ |
| ഇംഗ്ലണ്ടു. | ൩൦,൩൭൫ |
| മെക്സിക്കോ. | ൫൭,൦൦൦ |
| സ്കോട്ട്ലണ്ടു. | ൫,൩.൮൫ |

ഇത്രയും വലിയ സംഖ്യ മേൽപറഞ്ഞ രാജ്യങ്ങളിലുള്ള കത്തോലിക്കർ പിരിച്ചെടുക്കുന്നതെങ്ങിനേ? അതു ലക്ഷപ്രഭുക്കളുടേയും മററും ദാനമാണോ? ധനവാന്മാരായ കത്തോലിക്കരും ഏറക്കുറെ ഒത്താശ ചെയ്യുന്നുണ്ടെങ്കിലും, തൃശ്ശിനാപ്പള്ളി മെത്രാനച്ചൻ ഇടയലേഖനത്തിൽ പറയുന്നതുപോലെ ടി. പണത്തുകയിൽ ഏററവും വലിയഭാഗം സാധാരണക്കാരും, കഷ്ടിച്ചു നിത്യത കഴിക്കുന്നതിനു വകയുള്ളവരും, കൂലിവേലക്കാരും മററും ആഴ്ചതോറുമോ മാസന്തോറുമോ കൊടുക്കുന്ന ൧ ചക്രം അഥവാ ൩ പൈസായിൽ നിന്നാകുന്നു. ഈ ജനങ്ങൾ ഇത്ര ധാരാളമായി ചെയ്യുന്ന പണസഹായം കൊണ്ടു് അവൎക്കു ലൌകികമായ എന്തെങ്കിലും കാൎയ്യലാഭമുണ്ടോ? നമ്മുടെ ഇൻഡ്യാ മുതലായ രാജ്യങ്ങളിൽ കത്തോലിക്കരുടെ സംഖ്യ വൎദ്ധിക്കുന്നതിനാകയാൽ സ്വസമുദായ വൎദ്ധനവു എന്ന ന്യായം പോലും അവൎക്കില്ല. പിന്നെ എന്തിനാകുന്നു അവർ കൈയിലിരിക്കുന്ന പണം ഇപ്രകാരം വ്യയംചെയ്യുന്നതു്? നമ്മുടെ കൎത്താവിനെ സ്നേഹിക്കുന്ന സത്യക്രിസ്ത്യാനികളെല്ലാവരും, അവിടുത്തെ തിരുരക്തത്താൽ വീണ്ടുരക്ഷിക്കപ്പെട്ടവരും സത്യവേദജ്ഞാനമില്ലാത്തവരുമായ ആളുകളെ സത്യതിരുസഭയിൽ പ്രവേശിപ്പിക്കുന്നതിനു കഴിയുന്നത്ര പ്രയത്നിക്കേണമെന്നുള്ള ദൈവകല്പനയെ നിറവേററുന്നതിനും ഇപ്രകാരം ഈ ആത്മാവുകളെ നിത്യനാശത്തിൽ നിന്നും രക്ഷിക്കുന്നതിനുമായിമാത്രമാണ്. കൎത്താവിനെക്കുറിച്ചു ദാനം ചെയ്യുന്നവൎക്കു പരലോകസമ്മാനം കൂടാതെ ഈലോകത്തിൽപോലും നൂറിരട്ടി ലഭിക്കുമെന്നുള്ള ദിവ്യ വാഗ്ദാനവും അവർ വിസ്മരിക്കുന്നില്ല.

അവരെപ്പോലെ സത്യക്രിസ്ത്യാനികളായിരിക്കുന്ന നമുക്കും ഈ സന്മാതൃകയെ അനുകരിക്കുന്നതിനു എത്രയോ വലിയ ചുമതലയുണ്ടെന്നു ഇവിടെ കാണിച്ചിട്ടു ആവശ്യമില്ല. വേദപ്രചാരസഹകരണത്തിൽ എല്ലാ കത്തോലിക്കൎക്കും ഉള്ള ചുമതലയെ നിങ്ങൾ പള്ളിയിൽ കേൾക്കുന്ന പ്രസംഗങ്ങളിൽ നിന്നും കത്തോലിക്കാ പത്രങ്ങളുടേയും മാസികകളുടേയും വായനയിൽനിന്നും ഗ്രഹിച്ചിട്ടുണ്ടു്. വാസ്തവം പറയുന്നതായാൽ നമ്മുടെ സ്വദേശികളായ ഹിന്തുക്കളെ സത്യവേദത്തിൽ ചേൎക്കുന്നതിനുള്ള കടമ വിദേശിയരേക്കാൾ നമുക്കല്ലേ ഉള്ളതു്? അങ്ങിനെയെങ്കിൽ വിദേശിയരുടെ ദൃഷ്ടാന്തത്തെ അനുകരിക്കുന്നതിനു ഇനിയെങ്കിലും നാം ശ്രമിക്കേണ്ടേ? നമ്മുടെ പൂൎവ്വികന്മാർ, മാർ സാബോർ, മാർ പ്രോത്തു എന്ന വി. മെത്രാന്മാരുടെ കാലത്തും മററുമായി അനേകം ഹിന്തുക്കളെ മനസ്സുതിരിച്ചെങ്കിലും നാം ഇപ്പോ

ൾ വേദപ്രചാരകാൎയ്യത്തിൽ വളരെ മന്ദതയുള്ളവരായിരിക്കുന്നുവെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. നമ്മുടെ പറമ്പുകളിൽ വേലചെയ്തു നമ്മെ ആശ്രയിച്ചുപജീവനം കഴിക്കുന്നവരും നാം താല്പൎയ്യപ്പെടുന്നപക്ഷം നല്ലമനസ്സോടെ സത്യവേദം സ്വീകരിക്കുമെന്നവരുമായ എത്രയോ അധികം പറയരും പുലയരും നമ്മുടെ ഇടയിൽ വസിക്കുന്നുണ്ട്. യജമാനന്മാരുടെ വേദം സ്വീകരിക്കുന്നതിനിടവരുന്നതു് ഒരു ബഹുമാനമായിട്ടാണു അവർ കരുതുന്നതു്. യാതൊരു കാൎയ്യലാഭം നിമിത്തം ഇവരുടെ മാനസാന്തരത്തിനു യാതൊരു പ്രതിബന്ധവും ചെയ്യാതിരിക്കുന്നതിനു മാത്രമല്ല, സമയോചിതമായ സൽബുദ്ധി പറഞ്ഞുകൊടുക്കുന്നതിനും പണസഹായം ചെയ്യുന്നതിനും സംശയമെന്യേ നമുക്കു വലിയതായ ചുമതലയുണ്ട്. സൽബുദ്ധിയും മററും പറഞ്ഞുകൊടുക്കേണ്ടതുതന്നെ. എന്നാൽ പണസഹായം എന്തിനു? എന്നൊരു ചോദ്യത്തിനു വകയുണ്ട്. പ്രതിദിനം വേലചെയ്യാത്തപക്ഷം ഉപജീവനം കഴിക്കുന്നതിനു വകയില്ലാത്തവരാണു ഇക്കൂട്ടർ. ആകയാൽ വേദോപദേശം പഠിക്കുന്ന നാളുകളിൽ അവൎക്കു ഭക്ഷണത്തിനാവശ്യമായവ കൊടുക്കുന്നതിനും വസ്ത്രസഹായവും മററും ചെയ്യുന്നതിനും ഇവരുടെ മാനസാന്തരാൎത്ഥം പ്രയത്നിക്കുന്ന വൈദികർ നിർബന്ധിതരാകുന്നു. ഇതിനു പണംകൂടാതെ നടക്കയില്ലല്ലോ. ഈ സാധുക്കളുടെ മനസ്സുതിരിവിനായി നാം ശ്രമിക്കാത്തപക്ഷം ദൈവം നമ്മോടു കണക്കുചോദിക്കാതിരിക്കുന്നതെങ്ങിനേ? സുറിയാനിക്കാരുടെ അമാന്തം നിമിത്തം ഈ ആത്മാവുകൾ നശിച്ചുപോകുമെന്നുകണ്ട്, യൂറോപ്പിൽ തങ്ങളുടെ സഹോദരങ്ങളിൽ നിന്നു പണസഹായം ലഭിച്ചുകൊണ്ടു നമ്മുടെ നാട്ടിൽ വന്നു വളരെ പ്രയാസമുള്ള നമ്മുടെ ഭാഷ പഠിച്ചു, നാട്ടിലെ ചൂടും ഉഷ്ണവും സഹിച്ചുകൊണ്ട്, വരാപ്പുഴ മിഷ്യനിലെ വന്ദ്യരായ വിദേശിയ വൈദികർ, സുറിയാനിക്കാരുടെ ഇടയിൽ ചില സ്ഥലങ്ങളിൽ പള്ളികൾവെച്ചു, പറയർ, പുലയർ മുതലായ താഴ്ന്ന ജാതിക്കാരോട് വേദപ്രസംഗം ചെയ്തു് അനേകരെ രക്ഷിക്കുന്നുണ്ട്. ഇപ്രകാരം വാക്ചാതുൎയ്യമുള്ള മൌനത്തോടുകൂടെ സുറിയാനികത്തോലിക്കരുടെ, യാതൊരു വിധത്തിലും നീതീകരിക്കാൻ പാടില്ലാത്ത ഉദാസീനതയെ ശാസിക്കുന്നു. ഈ വന്ദ്യ മിഷ്യനറിമാരും അവരുടെ വിദേശിയരായ ധനസഹായകന്മാരും ചെയ്യുന്ന ബുദ്ധിമുട്ടിൽ പകുതിമാത്രം ചെയ്താൽ, മിക്കവാറും നമ്മുടെ ആശ്രിതരും നമ്മുടെ മാതൃഭാഷ സംസാരിക്കുന്നവരുമായ എത്രയോ ആയിരം പുലയരേയും മററും നമുക്കു മാനസാന്തരപ്പെടുത്താൻ സാധിക്കുന്നതാകുന്നു.

ഇതിനാവശ്യമായ പണസഹായം ചെയ്യുന്നതിന് വിദേശിയരായ കത്തോലിക്കരുടെ ദൃഷ്ടാന്തം മാത്രമല്ല നമ്മെ പ്രേരിപ്പിക്കുന്നതു്. ഇതാ നല്ല ക്രിസ്ത്യാനികളുടെ ഒഴിച്ചുകൂടാത്ത ഈ കടമയെ നിൎവ്വഹിക്കുന്നതിനായി നമ്മുടെ അയൽത്രപതകളിൽ ഉൾപ്പെട്ട നാട്ടുകാരായ കത്തോലിക്കരും ധനവാന്മാരെന്നോ ദരിദ്രരെന്നോ ഉള്ള വ്യത്യാസംകൂടാതെ ധനസഹായം ചെയ്തുവരുന്നു.

?ഠാ .ള

---

## വി. യൌസേപ്പുപിതാവു്.

(൧)

### മാർ യൌസേപ്പിന്റെ പ്രതിരൂപം.

തന്റെ ജനനത്തിന്നു് അനേക ശതവൎഷങ്ങൾക്കുമുമ്പേതന്നെ, മാർ യൌസേപ്പ് പ്രതിബിംബീകരിക്കപ്പെട്ടിരുന്നു എന്നു പഴയനിയമത്തിൽനിന്നും നമുക്കു ഗ്രഹിക്കാവുന്നതാണ്. യാക്കോബിന്റെ പുത്രനായ പൂൎവ്വയൌസേപ്പു നമ്മുടെ നായകന്റെ പ്രതിരൂപമായിരുന്നെന്നു സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. എന്നാൽ ഈ പൂൎവ്വയൌസേപ്പു നമ്മുടെ ദിവ്യരക്ഷകനേയും രൂപീകരിച്ചിരുന്നുവെന്നതു സന്ദേഹരഹിതമായ കാൎയ്യമാകുന്നു. എന്നുവരികിലും ഇക്കാരണം പ്രകൃതത്തി

ന്നു യാതൊരു വിധത്തിലും ബാധകമായി വരികയില്ല. ദൈവത്തിന്റെ അനന്തമായ ജ്ഞാനത്തോടെ എഴുതപ്പെട്ടിട്ടുള്ള വിശുദ്ധ ലേഖനം, അനേക തത്വസാരങ്ങളെ ക്രോഡീകരിച്ചിരിക്കകൊണ്ടു് അതിൽ വിവരിക്കപ്പെട്ടിട്ടുള്ള ഒരുവസ്തു അഥവാ ഒരാൾ പല വസ്തുക്കളേയോ പല ആളുകളേയോ രൂപപ്പെടുത്തുന്നതായി വരുന്നതാണു്. അല്ലെങ്കിൽ എന്തെങ്കിലും ഒരു പ്രകാരത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന കാൎയ്യം പ്രകാരാന്തരേണ വേറൊന്നിനും പററിയതായിരിക്കും. അതായതു അക്ഷരാൎത്ഥത്തിലും വ്യംഗ്യോക്തിയായിട്ടും മററും വ്യാഖ്യാനിക്കപ്പെടേണ്ട അനേക ഭാഗങ്ങൾ വേദപുസ്തകത്തിലുണ്ടു്. ഉദാഹരണമായി "യേറുസലേ"ത്തെ എടുക്കാം. യേറുസലം എബ്രായജനങ്ങളുടെ തലസ്ഥാനനഗരം എന്നുള്ളതാണു് അതിന്റെ അക്ഷരാൎത്ഥം. എന്നാൽ ഈ യേറുസലം എന്ന പദംതന്നെ തിരുസഭ, ക്രിസ്തീയ ആത്മാവു്, പറുദീസാ എന്ന അൎത്ഥങ്ങളിലും ഉപയോഗിക്കപ്പെട്ടിട്ടുണ്ടു്.

അതുകൊണ്ടു പൂൎവ്വയൌസേപ്പു പലവിധത്തിലും നമ്മുടെ ദിവ്യരക്ഷകനെ പ്രതിരൂപിച്ചുവെന്നതു വാസ്തവം തന്നെ. എങ്ങനെയെന്നാൽ, തന്റെ സഹോദരന്മാരെ അന്വേഷിക്കുന്നതിനു പിതാവിനാൽ അയക്കപ്പെട്ടു; അവർ തന്നെ കൊല്ലുവാൻ നിശ്ചയിച്ചു; കുറേ പണത്തിനു താൻ വില്ക്കപ്പെട്ടു; കളവായി തന്നിൽ കുററം ചുമത്തി; സ്വരക്ഷയ്ക്കായി യാതൊന്നും പ്രവൎത്തിക്കാതെ അവയൊക്കെയും ക്ഷമാപൂൎവ്വം സഹിച്ചു; കുററക്കാരായ രണ്ടാളുകളുടെ മദ്ധ്യത്തിലാക്കപ്പെട്ടു (പൂൎവ്വയൌസേപ്പിന്റെ കാൎയ്യത്തിൽ രാജദ്രോഹികളായ കലവറക്കാർ രണ്ടുപേരും); അവരിൽ ഒരുവന്നു മരണത്തേയും മററവന്നു സൌഭാഗ്യജീവിതത്തേയും പ്രവചിച്ചു; "ലോകരക്ഷകൻ" എന്ന പേർ വിളിക്കപ്പെട്ടു. ഇവയിലൊക്കെ മ്ശിഹായേയും, മററുപലതിലും മാർ യൌസേപ്പു പിതാവിനേയും പൂൎവ്വയൌസേപ്പു പ്രതിബിംബിക്കുന്നു. വി. ക്രിസോസ്തോമോസ്, വി. അമ്പ്രോസീസ്, വി. അഗുസ്തിനോസ്, വി. ബെർണാർദോസ്, വി. ബൊനവെഞ്ചുരാ, വി. ഫ്രാൻസീസ് ദെ സാലെസ്, വി. അൽഫോൻസ്, വി. ബെർണാർദിൻ ദെസീനാ മുതലായ മഹാപുണ്യവാന്മാരുടെ പ്രബോധനമാണു് ഇതിന്റെ അടിസ്ഥാനമായിരിക്കുന്നതു്. എന്നു മാത്രമല്ല, ൧൮൭൦-ൽ മാർ യൌസേപ്പിനെ തിരുസഭാസംരക്ഷകനായി പ്രഖ്യാപനം ചെയ്യുമ്പോൾ ആ തിരുവെഴുത്തിൽ ഇങ്ങനെ പറയുന്നു: "എജിപ്തു ദേശം മുഴുവന്റെയും അധിപതിയായി യാക്കോബിന്റെ പുത്രനായ പൂൎവ്വയൌസേപ്പിനെ ദൈവം നിശ്ചയിച്ചു. അതുപോലെ കാലത്തികവിൽ, പൂൎവ്വയൌസേപ്പു് ആരുടെ പ്രതിരൂപമായിരുന്നോ ആ യൌസേപ്പിനേയും ദൈവം തിരഞ്ഞെടുത്തു."

എജിപ്തുകാൎക്കു വില്ക്കപ്പെട്ട ആ പൂൎവ്വയൌസേപ്പിന്റെ നാമം മാത്രമല്ല, അദ്ദേഹത്തിന്റെ വിരക്തിയും നിഷ്കളങ്കതയും പ്രസാദമഹിമയും മാർ യൌസേപ്പിന്നും ഉണ്ടായിരുന്നെന്നു വിശുദ്ധ ബെർണാർദു പറയുന്നു. "യൌസേപ്പു" എന്ന നാമത്തിന്നു എബ്രായ ഭാഷയിലുള്ള അൎത്ഥം അഭിവൃദ്ധി അഥവാ വൎദ്ധനവു് എന്നാകുന്നു. അതിനാലത്രേ തന്റെ പിതാവായ യാക്കോബു് പൂൎവ്വയൌസേപ്പിനെ ആശീൎവ്വദിക്കയിൽ "യൌസേപ്പു്, ഒരു വൎദ്ധമാനപുത്രൻ" എന്നു പറഞ്ഞിട്ടുള്ളതു്. ഈ ആശീൎവ്വചനത്താൽ വിവക്ഷിതമാകുന്നതു യൌസേപ്പിന്റെ ബുദ്ധിക്കോ അധികാരത്തിന്നോ മഹിമയ്ക്കോ മാത്രമുള്ള സംവൃദ്ധി മാത്രമല്ല, തന്റെ സഹോദരന്മാൎക്കുകൂടിയും ഇങ്ങനെയുള്ള ഉയൎച്ചയ്ക്കു താൻ കാരണമായി എന്നും അവൎക്കു ധനസമ്പത്തികളെ നല്കിയെന്നും ഇതിനാൽ സൂചീകൃതമാകുന്നു. ഇപ്രകാരം ദ്വിവിധമായ അഭിവൃദ്ധി മാർ യൌസേപ്പിലും സാൎത്ഥീകരിച്ചു കാണുന്നുണ്ടു്. ദൈവേഷ്ടപ്രസാദത്തിൽ പ്രതിക്ഷണം തനിക്കു സ്വകീയമായി ലഭിച്ചിരുന്ന ഉന്നതിയും തന്റെ സഹോദരന്മാരും പുത്രന്മാരുമായ നമുക്കു നമ്മുടെ നിത്യരക്ഷയ്ക്കു പററിയതായി സമ്പാദിച്ചുതരുന്ന ദൈവാനുഗ്രഹസഞ്ചയവും പരിഗണിക്കപ്പെടേണ്ടവ തന്നെയാകുന്നു. പൂൎവ്വയൌസേപ്പിന്റെയും നമ്മുടെ നായകനായ മാർ യൌസേപ്പിന്റെയും പി

ത്തനാമം യാക്കോബ് എന്നു തന്നെയാകുന്നുവെന്നു കാണുന്നു. പൂർവ്വ യൌസേപ്പിന്റെ ജനനത്തോടുകൂടിത്തന്നെ തന്റെ പിതാവായ യാക്കോബിന്നു, സ്വമാതൃസഹോദരനായ ലാബാന്റെ കീഴിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ കാലമായിരുന്നു. അധികതാമസം കൂടാതെ സ്വന്തനാട്ടിലേക്കു പോകുന്നതിന്നും ഇടയായി. ഇതുപോലെ മ്ശിഹായുടെ പിതൃസ്ഥാനികന്റെ ആവിർഭാവത്തോടെ പൈശാചിക ദാസ്യത്തിൽനിന്നും ലോകത്തിനു വിമോചനവും സ്വർഗ്ഗീയ രാജ്യപ്രവേശനത്തിനുള്ള മാർഗ്ഗവും ഉണ്ടായിത്തുടങ്ങിയിരുന്നു.

യൌസേപ്പിന്റെ സ്വഭാവ വൈശിഷ്ട്യത്താൽ അത്യന്തം സംതൃപ്തനായ യാക്കോബ്, പല വർണ്ണത്തിലുള്ള ഒരു വിലയേറിയ വസ്ത്രത്തെ തന്റെ പുത്രനു സമ്മാനിച്ചു. ഇങ്ങനെ സർവ്വലോക പിതാവായ ദൈവം അമൂല്യരത്നങ്ങളാൽ പരിഭൂഷിതമായ ഒരു സംഭാവന മാർ യൌസേപ്പിന്നും നൽകിട്ടുണ്ട്. അതായതു തന്നിൽ സർവ്വഥാ വിളങ്ങിയിരുന്ന സുകൃതങ്ങളും സൽഗ്ഗുണങ്ങളുമത്രേ. സഹോദരന്മാരുമായി വയലിൽ ധാന്യം ശേഖരിച്ചുകൊണ്ടിരിക്കെ, യൌസേപ്പിന്റെ കറ്റയെ മറ്റവരുടെ കറ്റകൾ വന്നു വണങ്ങിയെന്നു താൻ കണ്ടതായ സ്വപ്നം, പിന്നീടുണ്ടായ ഏഴു വർഷത്തെ ക്ഷാമത്തിനിടയ്ക്കു, എജീപ്തിലെ അധിപനായിത്തീർന്നിരുന്ന തന്റെ പക്കൽ ഈ സഹോദരന്മാർ ധാന്യത്തിനായി ചെന്നു തന്നെ വണങ്ങിയതിൽ യഥാർത്ഥീഭവിച്ചു. സൂചനാർത്ഥത്തിൽ ഈ സ്വപ്നം മാർ യൌസേപ്പിന്നും പറ്റിയതാകുന്നു. സഹോദരന്മാർ സഹിതം ധാന്യസമ്പാദനം ചെയ്യുന്ന ആ വയൽപ്രദേശം തിരുസഭയും ധാന്യങ്ങൾ തങ്ങളുടെ യോഗ്യതകളും ആകുന്നുവെന്നു ശാസ്ത്രജ്ഞന്മാരായ വ്യാഖ്യാതാക്കൾ വ്യവഹരിക്കുന്നു. സുകൃതലാഭത്തിൽ, ദൈവമാതാവു കഴിഞ്ഞാൽ, മുന്നിട്ടുനിൽക്കുന്നതു മാർ യൌസേപ്പു തന്നെയാണല്ലോ. അതിനാൽ തന്നെ ഇതര പുണ്യവാന്മാർ തന്റെ യോഗ്യതാസഞ്ചയത്തെ കൊണ്ടാടുകയും ചെയ്യുന്നു.

സൂര്യ്യനും ചന്ദ്രനും പതിനൊന്നു നക്ഷത്രങ്ങളും തന്നെ ആരാധിച്ചുവെന്നു പൂർവ്വ യൌസേപ്പു കണ്ട സ്വപ്നം, തന്റെ പിതാവും സഹോദരന്മാരും എജിപ്തിൽ ചെന്നു തനിക്കു ചെയ്ത ബഹുമാനാദരങ്ങൾ മൂലം സാർത്ഥകമായി. എന്നാൽ മറിയത്തിന്റെ ഭർത്താവിലും ഇതു പൂർത്തിപ്പെട്ടതായി വിചാരിക്കപ്പെടുന്നു. നസറേത്തിലും എജിപ്തിലും മറ്റും നീതിസൂര്യ്യനായ മ്ശിഹായും ചന്ദ്രസമാനയെന്നു വിശുദ്ധ ഗ്രന്ഥത്തിൽക്കൂടിയും പറയപ്പെടുന്ന പരിശുദ്ധ കന്യകയും തനിക്കു സവിശേഷം അനുസരണപ്പെട്ടിരുന്നു. ഇപ്പോഴാകട്ടേ സ്വർഗ്ഗീയ രാജ്യത്തിൽ അപ്പൊസ്തോലന്മാരും ഇതരപുണ്യവാന്മാരും തന്നോട് എത്രയും വണക്കമുള്ളവരായിരിക്കയും ചെയ്യുന്നു.

പൂർവ്വ യൌസേപ്പ് തന്റെ സഹോദരന്മാരുടെ അസൂയയ്ക്കു പാത്രീഭവിച്ച് എജിപ്തിലേക്കു കൊണ്ടുപോകപ്പെടുകയും ഫറഓന്റെ സൈന്യാധിപനായ പുത്തിഫാറിന്റെ ഉത്തമവിശ്വസ്തനും ഗൃഹാധിപനും ആയിത്തീരുകയും എങ്കിലും വിരക്തി എന്ന പുണ്യത്തെ അന്യൂനമായി പരിപാലിപ്പാൻ വേണ്ടിയുള്ള തന്റെ പരിയത്നത്തിൽ കുറേക്കാലത്തേക്കു താൻ കാരാഗൃഹത്തിൽ പാർക്കേണ്ടി വരികയും ചെയ്തു. ഇതുപോലെതന്നെ ഹേറോദേസിന്റെ ദുഷ്ടതയെ ഭയന്നു മാർ യൌസേപ്പും തന്റെ "അമൂല്യ നിക്ഷേപങ്ങ"ളോടുകൂടി എജിപ്തിൽ പോയി താമസിക്കയും മുമ്പേതന്നെ തന്റെ നാഥനായ മ്ശിഹായുടെ വിശ്വസ്തനും ഗൃഹനായകനും എന്നല്ല സമസ്താധികാരിയും ആയിത്തീരുകയും പരിശുദ്ധ കന്യകയോടുകൂടി താൻ വിവാഹിതനായി എങ്കിലും തന്റെ വിരക്തജീവിതത്തെ അന്യൂനമായി തുടരുകയും ചെയ്തു. എന്നുതന്നെയല്ല മ്ശിഹായുടെ ദൈവത്വവും മറിയത്തിന്റെ കന്യാത്വവും യഥാവിധി അറിയപ്പെടുന്നതുവരെ താൻ തിരുസഭയിൽ അജ്ഞാതനായിത്തന്നെയിരിക്കയും ചെയ്തു. വിശുദ്ധ ബെർണ്ണാർദു പറയുന്നതുപോലെ പൂർവ്വ യൌസേപ്പിന്നു സ്വപ്നങ്ങളെ വ്യാഖ്യാനിക്കുന്നതിനു ദൈവത്തിൽനിന്നും ബുദ്ധിശക്തിയും കാരാഗൃഹ ജീവിതത്തിന്റെ ശേഷം രാജകൊട്ടാരത്തിൽ ഉയർന്ന പ

ദവിയും ലഭിച്ചു. എന്നാൽ പരിശുദ്ധ കന്യകയുടെ ഭർത്താവിനാകട്ടെ ആ സ്വർഗ്ഗീയ രഹസ്യങ്ങളുടെ ഭാഗഭാക്കാകുന്നതിനുള്ള വിശേഷ യോഗ്യതയും തന്റെ തിരുസഭ മുഴുവന്റേയും സർവ്വാധിപത്യവും ദൈവം നൽകി. ഫറഓൻ സന്തോഷചിത്തനായി യൗസേപ്പിനോടു ഇങ്ങനെ പറഞ്ഞു. "നിന്നെക്കാൾ ബുദ്ധിമാനായിട്ടു ഞാൻ ആരേയും കാണുന്നില്ല. നീ എന്റെ കൊട്ടാരത്തിന്റെ അധികൃതനായിരിക്ക; നിന്റെ കല്പനയെ എല്ലാവരും അനുസരിക്കണം. എജിപ്തു മുഴുവനും നിന്റെ കീഴാകുന്നു". അതിന്റെശേഷം തന്റെ സുവർണ്ണാംഗുലീയം ഊരി യൗസേപ്പിന്റെ വിരലിൽ ഇടുകയും അനന്തരം പട്ടുകൊണ്ടുള്ള ഒരുടുപ്പും ഒരു പൊൻമാലയും കൊടുത്തു്, അലംകൃതമായ തന്റെ രഥത്തിൽ ഉപവിഷ്ടനാക്കിക്കൊണ്ടു് എല്ലാവരും ഇയ്യാളെ എജിപ്തിന്റെ ഗവർണ്ണരായി വണങ്ങിക്കൊള്ളേണമെന്നു് ആജ്ഞാപിക്കുകയും ചെയ്തു.

ഇപ്രകാരം മാർ യൗസേപ്പിനെ തിരുക്കുടുംബത്തിന്റെയും വിശേഷിച്ചു തിരുസഭയുടേയും സംരക്ഷകനായി ദൈവം നിശ്ചയിച്ചപ്പോൾ താൻ ഇതുപോലെ അരുളിച്ചെയ്തിട്ടില്ലയോ? എന്റെ കുടുംബത്തേയും സഭയേയും ഭരിക്കുന്നതിനു ഇതിലധികം യോഗ്യനായി ഒരാളെ ഞാൻ എവിടെ കാണും? അതിനാൽ എന്റെ ഗൃഹം മുഴുവനും ഞാൻ നിന്റെ അധീനത്തിൽ ആക്കുകയും എന്റെ പുത്രന്മാരായ സകല ജനങ്ങളും നിന്നെ അനുസരിച്ചുകൊള്ളേണമെന്നു് ആജ്ഞാപിക്കയും ചെയ്യുന്നു". പൂർവ്വയൗസേപ്പിനു ലഭിച്ച മോതിരം ദൈവം ഈ മഹാപുണ്യവാനു കൊടുത്ത പരമാധികാരത്തേയും, പട്ടുടുപ്പു തന്റെ ആത്മാവിനെ അലംകരിച്ച സുകൃതങ്ങളേയും, സ്വർണ്ണമാല തന്റെ പരിശുദ്ധ വിരക്തിയേയും സ്നേഹത്തേയും ലക്ഷീകരിക്കുന്നു. താൻ ഇതര പുണ്യവാന്മാരേക്കാൾ മുൻപനായിരിക്കുന്നതിനുവേണ്ടി എത്രയും മഹിമപ്പെട്ട രഥത്തിൽ ആനയിക്കപ്പെടുകയും ചെയ്തു.

ഏണേക്കാട്ടു യൗസേപ്പു ക.

## മരണസന്നദ്ധത.

'മനുഷ്യാ! നീ പൊടി ആകുന്നു. നീ പൊടിയിലേക്കു പിന്തിരികയും ചെയ്യും.
(സൃഷ്ടി. ൩. ൧൯.)

നീ പൊടിയാകുന്നുയെന്നും, നീ പൊടിയിലേക്കു പിന്തിരിയും എന്നും സദാ ചിന്തിക്കുക. നീ മരിച്ചു ശവക്കുഴിയിൽ കിടന്നു ചീയേണ്ടിയതായ ഒരു ദിവസം വരും. "നിന്റെ മൂടുതുണി പുഴുക്കൾ ആയിരിക്കും" (ഏശയ്യാ ൧൪. ൧൧.) ഈ സംഭവം സകലക്കും ഉളവാകുന്നു. മരണത്തിന്നു പ്രഭുവെന്നോ, കൃഷിക്കാരനെന്നോ, രാജാവെന്നോ, പ്രജയെന്നോ വ്യത്യാസം ഇല്ലാ. ആത്മാവു് ശരീരത്തിൽനിന്നു പുറപ്പെടുന്ന മാത്രയിൽതന്നെ അതു നിത്യത്വത്തിലേക്കു പോവുകയും ശരീരം അതു എടുക്കപ്പെട്ടിരുന്ന ധൂളിയിലേക്കു പിന്തിരികയും ചെയ്യും. 'നീ അവയുടെ ശ്വാസത്തെ എടുത്തുകളയുന്നു. അവ ചാവുകയും അവയുടെ മണ്ണിലേക്കു പിന്തിരികയും ചെയ്യുന്നു. (സങ്കീർത്തനം ൧൦൩. ൨൯.)

ഇപ്പോൾതന്നെ അന്തിമ ശ്വാസംവിട്ട ഒരു മനുഷ്യനെ നീ കാണുന്നു എന്നു സങ്കല്പിക്കുക. ആ ശരീരത്തെ നീ ഉററു സൂക്ഷിക്കുക. ഇതാ അതിന്റെ തല നെഞ്ചിലേക്കു ചാഞ്ഞും തലമുടി എല്ലാം ക്രമം ഇല്ലാതെയും മരണവിയർപ്പാൽ നനഞ്ഞും, മുഖം ചാരനിറത്തോടും അധരങ്ങളും നാക്കും ഇരുമ്പുപോലെ സ്പർശനമില്ലാതെയും ശരീരം തണുത്തും ഘനവത്തായും കാണപ്പെടുന്നു. ഇതിന്റെ ദർശനം കാണികളിൽ വിളർച്ചയും ഭയവും കാരണമായി തീരുന്നു. ഒരു ചാർച്ചക്കാരന്റെയൊ അഥവാ ഒരു മിത്രത്തിന്റെയൊ മരണസംഭവത്തെ കാണുകമാത്രം ചെയ്തതിനാൽ എത്രയൊ പേർ അവരുടെ ജീവിതത്തെ നന്നാക്കുകയും ലോകത്തിന്നു അവർ മരിച്ചതുപോലെ ജീവിതശിഷ്ടത്തെ നയിക്കുകയും ചെയ്തു.

എന്നാൽ മൃതശരീരം ചീഞ്ഞു തുടങ്ങുന്നതു കാണുന്നതിന്നു ഇടവന്നാൽ ഇതിലും അധികം വെറുപ്പും ഭയവും നമുക്കു ഉണ്ടാകും. എന്തെന്നാൽ ഇതാ അ

യുവാവ്, മുതിപ്പെട്ടിട്ടു ഇനിയും ൨൪ മണിക്കൂർ കഴിഞ്ഞിട്ടില്ലാ. എങ്കിലും അവന്റെ പ്രേതം ദുൎഗ്ഗന്ധം വിശിതുടങ്ങിയിരിക്കുന്നു. അവിടെ കൂടി ഇരിക്കുന്നവർ ജനലുകൾ തുറക്കുവാൻ ആവശ്യപ്പെടുന്നു. സുഗന്ധ ദ്രവ്യങ്ങളെ അവിടെ വിതരണം ചെയ്യണമെന്നും ആ കുടുംബത്തിലെ മററുള്ളവൎക്കു ദീനം പകരാതിരിപ്പാൻ എത്രയും വേഗത്തിൽ ആ പ്രേതത്തെ സംസ്കരിക്കേണമെന്നും അവർ പറയുന്നു.

ഇതാ നിങ്ങൾ ആ നിഗളിയും കാമാതുരനും ഭോജനപ്രിയനും ആയ യുവാവിനെ നോക്കുവിൻ! അവൻ മരണത്തിന്നു മുമ്പു സംഭാഷണത്തെയും സംസൎഗ്ഗസന്തോഷത്തെയും ആരാഞ്ഞു അനുഭവിച്ചിരുന്നു. ഇതാ ഇപ്പോൾ അവൻ സകലൎക്കും വെറുപ്പിന്റെയും അറപ്പിന്റെയും പാത്രമായി ചമഞ്ഞിരിക്കുന്നു. മാത്രമല്ല, അവന്റെ രക്തസംബന്ധികൾ ആ പ്രേതത്തെ ഭവനത്തിൽനിന്നു മാററുന്നതിന്നും ധൃതികൂട്ടുന്നു. അവർ, ആ പ്രേതത്തെ ഒരു പ്രേതമഞ്ചത്തിൽ വച്ചു സിമിത്തേരിയിലേക്കു കൊണ്ടുപോകുന്നതിന്നും അവിടെ ഭൂമിദാനം ചെയ്യുന്നതിന്നും ആളുകളെ അന്വേഷിക്കുന്നു. അവൻ ജീവിച്ചിരുന്ന നാളുകളിൽ അവന്റെ ബുദ്ധിസാമൎത്ഥ്യത്തിന്റെ കീൎത്തിയും കുയുക്തിയുടെ ഖ്യാതിയും ശ്രേഷ്ഠകൃത്യത്തിന്റെ സ്തുതിയുംജനരഞ്ജനയുടെ ശ്രുതിയും സൎവ്വത്ര നിറഞ്ഞിരുന്നു. എന്നാൽ ഇതാ അവൻ മരിച്ചു, സങ്കീൎത്തനക്കാരൻ പറയുന്നതുപോലെ "അവന്റെ ഓൎമ്മ ഒരു സ്വരത്തോടുകൂടി അവസാനിച്ചു."

എന്നാൽ അവന്റെ മരണവാൎത്ത കേൾക്കുന്ന സമയത്തു ചിലർ അവൻ അവന്റെ കുടുംബത്തിന്നു ഒരു കീൎത്തിയായിരുന്നുവെന്നു പറയും. മററു ചിലർ അവൻ അവന്റെ കുട്ടികൾക്കു അവശ്യം വേണ്ടു ധനം സമ്പാദിച്ചുവച്ചിരിക്കുന്നുവെന്നു പറയും. വേറെ ചിലർ അവന്റെ മരണത്തെക്കുറിച്ചു വ്യസനിക്കും. എന്തെന്നാൽ അവൻ അവൎക്കു ഒരു ഉപകാരി ആയിരുന്നു. അവന്റെ മരണത്തെപ്പററി ദുഃഖിക്കാത്തവരുമുണ്ടാകും. കുറച്ചുകഴിഞ്ഞു അവനെക്കുറിച്ചു ആരുംതന്നെ ഒന്നും പറയുന്നില്ലാ. അവന്റെ അടുത്ത സംബന്ധികൾ കൂടെയും അവനെപ്പററി സംസാരിക്കുന്നില്ലാ. എന്തന്നാൽ അവന്റെ ഓൎമ്മ അവൎക്കു ഒരു ദുഃഖഹേതു ആണത്രെ. അവരെ സന്ദൎശിക്കാൻ വരുന്നവർ കൂടെയും അവനെപ്പററി സംസാരിക്കാൻ ധൈൎയ്യപ്പെടുന്നില്ല.

നീ നിന്റെ സംബന്ധികളുടെയും സ്നേഹിതരുടെയും മരണസമയത്തിൽ അവൎക്കുവേണ്ടി ചെയ്തതുപോലെ നിനക്കുവേണ്ടി ഒരു ദിവസം മററുള്ളവർ ചെയ്യും എന്നു ഓൎത്തുകൊള്ളുക. ജീവിക്കുന്ന നീ മരിച്ച നിന്റെ സഹോദരന്റെ സ്ഥാവര ജംഗമ വസ്തുക്കളെ സമാധാനത്തോടെ അനുഭവിക്കുന്നു. എങ്കിലും അവനെ നീ തീരെ വിസ്മരിച്ചുകളയുന്നു. അവന്റെ നാമംപോലും നീ സ്മരണയിൽ വരുത്തുന്നില്ല. ഇതുപോലെതന്നെയായിരിക്കും മററുള്ളവരും നിന്നെ സംബന്ധിച്ചു ചെയ്യുന്നതു്.

## സ്നേഹചിന്തകൾ.

ഓ! പ്രിയപ്പെട്ട ഈശോയെ! ഞാൻ അങ്ങയുടെ ശത്രു ആയിരുന്നപ്പോൾ എന്നെ നീ മരിപ്പിക്കാതിരുന്നതിനെക്കുറിച്ചു അങ്ങേക്കു ഹൃദയപൂൎവ്വം ഉപകാരസ്മരണ ചെയ്യുന്നു. എന്തന്നാൽ എത്രയോ കൊല്ലത്തേക്കു, നരകത്തിന്നുവിധിക്കപ്പെടത്തക്ക ഒരു ജീവിതം ഞാൻ കഴിച്ചു. ഞാൻ ആ പകലൊ രാത്രിയിലൊ മരിച്ചിരുന്നുവെങ്കിൽ നിത്യതയിൽ എന്റെ സ്ഥിതി എന്താകുമായിരുന്നു! ഞാൻ എന്റെ മരണത്തെ എന്റെ പാപങ്ങൾക്കു പരിഹാരമായി കൈക്കൊള്ളുന്നു. അതിനെ നിന്റെ കൃപ യാത്രയാക്കുന്ന സമയത്തും വിധത്തിലും കൈക്കൊള്ളുവാൻ ഞാൻ മനസ്സായിരിക്കുന്നു. എന്നാൽ ഇതുവരെക്കും ക്ഷമിച്ചതിനാൽ സ്വല്പംകൂടി ക്ഷമിക്കേണമെ! യോബു നിവ്യായോടുകൂടി നമുക്ക് 'എന്റെ കുററങ്ങളെക്കുറിച്ചു അനുതപിക്കുന്നതിന്നു എന്നോടു അല്പംകൂടി ക്ഷമിക്കേണമെ!! എന്നു പ്രാൎത്ഥിക്കാം. കൎത്താവെ! നിനക്കു വിരോധമായി ചെയ്ത പാപങ്ങളെക്കുറിച്ചു അനുതപിക്കുന്നതിന്നു സമയം എനിക്കു കല്പിച്ചുതരേണമെ! ഞാൻ ഒരിക്കലും അ

ങ്ങേ വിളികൾക്കു മറുതലിക്കുന്നതല്ലാം. എന്തെന്നാൽ ഇപ്പോൾ ഞാൻ വായിച്ചവ നിൻെറ അവസാന വിളി അല്ലാ എന്നാക്കറിയാം. അങ്ങയുടെ കൃപക്കു ഞാൻ അയോഗ്യനാകുന്നുയെന്നു ഏററു പറയുന്നു. നീ എത്ര പ്രാവശ്യം എന്നോടു ക്ഷമിച്ചു. അനുതാപത്തോടും എളിമയോടുംകൂടിയ ഒരു ഹൃദയത്തെ നിരസിക്കുക നിനക്കു പതിവില്ലാത്തതിനാൽ ദുഃഖിതനായി നിൻെറ മുമ്പിൽ നിൽക്കുന്ന ഈ ദ്രോഹിയെ നീ ഉപേക്ഷിക്കല്ലെ. 'കർത്താവെ! അങ്ങേ മുഖം എന്നിൽനിന്നു അകററിക്കളയരുതെ' എന്തുകൊണ്ടെന്നാൽ 'എൻെറ പക്കൽ വരുന്നവനെ ഞാൻ തള്ളിക്കളകയില്ലാ'യെന്നു നീതന്നെ അരുളിച്ചെയ്യുന്നു. അനേകരെക്കാൾ നിന്നെ ഞാൻ ഉപദ്രവിച്ചുയെന്നതു നേരുതന്നെ. എന്തുകൊണ്ടെന്നാൽ മററുള്ളവരെക്കാൾ അധികം നിൻെറ ദാനങ്ങൾ കൊണ്ടും വെളിവുകൾകൊണ്ടും എന്നെ നി സംപൂൎണ്ണനാക്കി. നീ ചിന്തിയ തിരുരക്തം, ഞാൻ അനുതപിക്കുന്നതായാൽ എനിക്കു പൊറുതിലഭിക്കുമെന്നുള്ള ആശയെ എന്നിൽജനിപ്പിക്കുന്നു. അത്യന്തകൃപാനിധിയെ ഞാൻ നിന്നോടു മറുത്തു പിഴച്ചതിനാൽ പൂൎണ്ണ ഹൃദയത്തോടുകൂടി ദുഃഖിക്കുന്നു. മറിയം മഗ്ദലേത്തായോടും, മത്തായിയോടും, പത്രോസിനോടും നല്ല കള്ളനോടും, പൌലോസിനോടും, മാർ ആഗ്ഗസ്റ്റിനോടും പൊറുത്ത ദൈവമെ! എൻെറ കുരിശിനെ എടുത്തുകൊണ്ടു ഇന്നുമുതൽ നിൻെറ പിറകെ ഞാൻ വരുന്നു. ധൂളിമാനായ പുത്രനെ ആലിംഗനം ചെയ്ത നല്ല പിതാവെ! എന്നെ നി അനുഗ്രഹിക്കേണമെ.

കണിയാമ്പടിക്കൽ ദേവസ്യാ ക.

---

## ജപ്പാൻ ക്രിസ്ത്യാനികൾ.

(തുടർച്ച.)

ജപ്പാനിൽ സത്യക്രിസ്ത്യാനികൾ ജീവിക്കുന്നുണ്ടെന്നും മററും മുൻകാലങ്ങളിലുണ്ടായിരുന്ന ശ്രുതി വാസ്തവമാണെന്ന് ഇങ്ങനെ വെളിപ്പെട്ടു. ഫ്ാദർ പെററിജീൻ വരുന്നതിനു വളരെ മുമ്പുതന്നെ, ൧൮൫൬ ഒക്ടോബർ മാസത്തിൽ, ഫ്ാദർ ജിറാർഡ് അവിടത്തെ ക്രിസ്ത്യാനികളെക്കുറിച്ച് പാരീസിലേക്ക് എഴുതിയിരുന്നു. പൃഷ്യററിൻ എന്ന നാവികസേനാധിപൻെറ കപ്പലിൽ വൈദിക ജോലി നടത്തിയിരുന്ന റഷ്യാക്കാരനായ ഒരു മെത്രാൻ, കരക്കിറങ്ങിസ്സഞ്ചരിക്കുകയിൽ, അദ്ദേഹത്തിൻെറ സ്വൎണ്ണക്കുരിശ്ശ് ഉടുപ്പിനു പുറത്തിട്ടിരുന്നു. ഒരു വൃദ്ധൻ അദ്ദേഹത്തിൻെറ അരികിൽചെന്ന്, അയാളുടെ ഉടുപ്പിനകത്തുവച്ചിരുന്ന ഒരു കുരിശെടുത്തു കാണിച്ചുകൊണ്ട്, അതിയായ ഉപദ്രവങ്ങളെല്ലാം സഹിച്ചെങ്കിലും മിശിഹായേയും മറിയത്തേയും വിചാരിക്കുകയും, ജീവനെക്കാൾ തങ്ങൾ സ്നേഹിക്കുന്ന വിശ്വാസത്തിൻെറ അടയാളമായി കുരിശിനെ ധരിക്കുകയും ചെയ്യുന്ന ഒരു കൂട്ടം ക്രിസ്ത്യാനികളിൽ ഒരാണ് താനും എന്ന്, അദ്ദേഹത്തെ മനസ്സിലാക്കി.

ഈ സംഭവം മുതൽ മിഷ്യനറിമാരുടെ ഉത്സാഹം വളരെ വൎദ്ധിച്ചെങ്കിലും, ഇതുവരെ ഫലമൊന്നും ഉണ്ടായില്ല. ഇപ്പോൾ, അദൃശ്യമായ ഒരു ശക്തി അനേകം പേരേ ഫ്ാദർ പെററിജീൻെറ അടുക്കലേക്കു കൂട്ടിക്കൊണ്ടുവന്നു. പുരാതന സഭ ശവക്കടിരത്തിൽനിന്നു മുഴുവനേ എഴുന്നേററു വരുന്നതായി അദ്ദേഹത്തിനുതോന്നി. ഇങ്ങനെ അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ട ആളുകൾ, ശരിയായ മാമ്മോദീസാ സ്വീകരിച്ചവരോ എന്നറിയേണ്ടതു് ആവശ്യകമായിരുന്നതിനാൽ, അവരുടെ മതം സംബന്ധിച്ച് അവർ ചെയ്തിരുന്ന സൽക്രിയകളേക്കുറിച്ചു ചോദിച്ചു. മറുവടി,

"ഞങ്ങൾക്കു 'ബാക്കിസുമാ' എന്നൊരേർപ്പാടുണ്ട്; ഇതിന് 'സാക്രമെന്തോ' (കൂദാശ) എന്നാണ് ഞങ്ങൾ പറയാറ്. ഞങ്ങളെല്ലാവരും അതു സ്വീകരിക്കുന്നുമുണ്ടു. പക്ഷെ, ഒരാൾ മാത്രമേ അതു തരുന്നുള്ളൂ" എന്നായിരുന്നു.

"നിങ്ങൾ എങ്ങനെയാണ് ഈ ബാക്കിസുമാ നടത്തുന്നതു്?"

"നിയമിതനായ ആൾ, ഈ കൂദാ

ശ കൈക്കൊള്ളാനുള്ളവരുടെ തലയിൽ വെള്ളം ഒഴുക്കുന്നു. ചുരുക്കം ചിലക്കുമാത്രം അറിയാകുന്ന ചില വാക്കുകൾ അയാൾ ഉച്ചരിക്കുകയും ചെയ്യും. ഈയവസരത്തിൽ ഏതെങ്കിലും ഒരു വിശുദ്ധൻെറ പേരും ഞങ്ങൾക്കു ലഭിക്കുന്നു. കുഞ്ഞുങ്ങളെ ഞങ്ങൾ, 'പെത്രോറോ, പവോലോ, മരിയാ, സെബസ്ത്യാനോ, മിക്കായെദ, കത്തറീനാ' എന്നെല്ലാം വിളിക്കുന്നു." വേറൊരാൾ തുടൎന്നു പറഞ്ഞു.

"ബാക്കിസുമാ ആവശ്യമാണെന്നു ഞങ്ങൾക്കറിയാം. മരിക്കുന്നതിനു മുമ്പു ഒരു കുഞ്ഞെങ്കിലും ബാക്കിസുമാ കൈക്കൊള്ളാതിരിക്കയില്ല; ഇക്കാൎയ്യത്തിൽ ഞങ്ങൾക്കു പ്രത്യേകം ശ്രദ്ധയുണ്ട്. ഒരു കുഞ്ഞിനു സുഖക്കേടു തുടങ്ങിയാൽ ഉടൻ തന്നെ, ബാക്കി സുമാ നടത്തുന്ന ആളിൻെറ അടുത്തുകൊണ്ടുപോകും. 'പറയിസോ' (പറുദീസാ) യിൽ പ്രവേശിക്കണമെങ്കിൽ ബാക്കിസുമാ കൂടിയേ തീരു. അല്ലെങ്കിൽ നിശ്ചയമായും 'ഇൻഫേൎണോയിൽ (നരകത്തിൽ) പോകുമെന്ന് കാരണവന്മാർ ഞങ്ങളെ പഠിപ്പിച്ചിട്ടുണ്ട്."

ഈ ആളുകൾ ഇങ്ങനെ വളരെ സംഗതികളെക്കുറിച്ചു പറഞ്ഞു തുടങ്ങി. ബാക്കിസുമാ കൂടാതെ, 'യൂക്കരിസ്കാ' (Eucharistia– കുൎബ്ബാന) 'കൊമ്പിസാൻ, (കുമ്പസാരം. Confession) ഇവയും അവർ കേട്ടിട്ടുണ്ട്. ഇവയ്ക്കു, ബ്രഹ്മചാരിയായ ഒരു വൈദികൻ ഉണ്ടായിരിക്കണമെന്നും അവക്കറിയാമായിരുന്നു. അവക്കുതന്നെ അൎത്ഥം മനസ്സിലാവാതിരുന്ന ചില വാക്കുകളും– മീസാ (കുൎബ്ബാന) അറുത്താരു (അൾത്താര)– അവർ ഉച്ചരിച്ചു. അവർ ഉപയോഗിച്ച ഈ മിശ്രഭാഷ– പോർട്ടുഗീസ് ജപ്പാനീസ്– മനസ്സിലാക്കുന്നതിന് ഫാദർ പെററിജിന് വലിയ ശ്രമം വേണ്ടിവന്നില്ല.

സന്ദൎശകരിൽ ഒരാൾ പറഞ്ഞു.– "ആഴ്ചയുടെ ഒന്നാം ദിവസം ഒരു പ്രാൎത്ഥനാ ദിവസമാണ്. 'മുഴവൻതേററം', 'ഞാൻ പിഴയാളി', 'ആകാശങ്ങളിലിരിക്കുന്ന, നന്മനിറഞ്ഞമറിയം, 'രാജകന്യക, മുതലായവയാണ് ഞങ്ങളുടെ പ്രാൎത്ഥനകൾ. 'കൊമ്പിസാൻ നടത്തുന്നതിനു ഞങ്ങൾക്കു പട്ടക്കാരില്ലാതിരുന്നതുകൊണ്ട്, ദിവ്യാനുഗ്രഹം ലഭിക്കുന്നതിന് തേററത്തിൻെറ പ്രകരണം അനേകം പ്രാവശ്യം പത്തും അൻപതും തവണ ഞങ്ങൾ ഉച്ചരിച്ചു വരുന്നു."

ഈ വിവരങ്ങളെല്ലാം തുടരെ ആ വൈദികനു ലഭിച്ചപ്പോൾ അദ്ദേഹത്തിൻെറ സന്തോഷം അപരിമിതമായിരുന്നു. പട്ടക്കാരും മററും ഇല്ലാതിരുന്നെങ്കിലും, ഇരുനൂറിൽ പരം സംവത്സരങ്ങളായി തങ്ങളുടെ വിശ്വാസസത്യങ്ങളുടെ ഉപദേഷ്ടാവായി അവർ വച്ചുകൊണ്ടിരുന്ന ഒരു പഴയ വേദോപദേശപ്പുസ്തകത്തിൻെറ വശങ്ങൾ അദ്ദേഹത്തെ അവർ കാണിച്ചു. വി. ശവരിയാരാൽ സ്ഥാപിതമായ സഭയുടെ അവശേഷം തന്നെയാണ് ഇപ്പോൾ തൻെറ മുൻപിൽ നില്ക്കുന്നതെന്ന് അദ്ദേഹത്തിനു പൂൎണ്ണവിശ്വാസം ഉണ്ടായി.

എങ്കിലും ആ ആളുകൾക്ക് അദ്ദേഹത്തെ വിശ്വാസമായില്ല. മുൻകാലങ്ങളിൽ തങ്ങളുടെ കാരണവന്മാൎക്കു മിശിഹായേയും മറിയത്തേയും കുറിച്ച് ഉപദേശം ചെയ്തു വൈദികരുടെ ന്യായമായ ഒരു പിൻഗാമി തന്നെയോ അദ്ദേഹമെന്ന് അവൎക്കുണ്ടായിരുന്ന സംശയം അവരുടെ മുഖത്തും വാക്കുകളിലും വെളിപ്പെട്ടു.

"മഹാ വേദത്തിൻെറ രാജാവിനെ നിങ്ങൾ അറിയുമോ? പടിഞ്ഞാറെ ദേശങ്ങളിൽ, റോമാ എന്നു പേരായി ഒരു സ്ഥലമുണ്ടെന്നും, അവിടെയാണ് ആ രാജാവു വസിക്കുന്നതെന്നും, അദ്ദേഹമാണ് പട്ടക്കാരെ ഈ രാജ്യത്തേക്കയച്ചതെന്നും കാരണവന്മാർ ഞങ്ങളോടു പറഞ്ഞിട്ടുണ്ട്."

ഈ ചോദ്യത്തിൻെറ പ്രാധാന്യം ഉടൻ തന്നെ മനസ്സിലാക്കിക്കൊണ്ടു അദ്ദേഹം സന്തോഷപൂൎവ്വം മറുപടി പറഞ്ഞു:

"ഉവ്വ്; അദ്ദേഹത്തെ ഞാൻ അറിയും; അദ്ദേഹത്തിൻെറ പേർ പീയൂസ് എന്നാണ്. നിങ്ങളെക്കുറിച്ചു കേൾക്കുന്നത്, അദ്ദേഹത്തിന് ഏററവും ആശ്വാസജനകമായിരിക്കും. അദ്ദേഹം തന്നെ

യാണ് എന്നെയും അയച്ചിട്ടുള്ളത്?"

ഇത്രയും കേട്ടപ്പോൾ, ആ ജനങ്ങളിൽ അതിയായ സന്തോഷം പ്രത്യക്ഷപ്പെട്ടു. അവരുടെ മുമ്പു നിന്നിരുന്ന അന്യനെ മഹാവേദത്തിന്റെ രാജാവു തന്നെയാണ് അയച്ചതെന്നുള്ള പ്രസ്താവന അവരെ ധൈര്യപ്പെടുത്തി. പിന്നീട് ഓരോ അവസരത്തിലും വന്ന ഓരോരുത്തരും ഈ ചോദ്യം തന്നെ ആവർത്തിച്ചു ചോദിച്ചിരുന്നതുകൊണ്ടു, ഇതു തന്നെയായിരുന്നു അവക്കു തീർച്ചചെയ്യുന്നതിനു തക്ക മാർഗ്ഗമെന്നു നമുക്കു മനസ്സിലാക്കാം.

പോലീസുകാർക്കു സംശയം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി അവർ ഉടൻ തന്നെ ആ സ്ഥലത്തുനിന്നുതിരിച്ച്, വീണ്ടും വരാമെന്നു പറഞ്ഞിട്ടാണ് പോയത്. അവരുടെ 'ആത്മാവിന്റെ പിതാവിനെ'ക്കണ്ടു എന്നു പറഞ്ഞുകൊണ്ടു എല്ലാവരും അന്നു സ്ഥലം വിട്ടു.

ഇപ്രകാരം, ഫ്വസദിലെ പാട്രിക്കിന്റെ തിരുനാൾ, ഒരു വേദപ്രചാരകന് അത്ഭുതസംപൂർണ്ണമായ ഒരു ദിവസമായിരുന്നു. പ്രതീക്ഷാതീതമായ ഒരു സംഭവമാണ് അന്നു നടന്നതെന്ന്, പിന്നീടത്തെ സംഗതികൾ തെളിയിച്ചു.

പിറേറന്നു രാവിലെ അനേകം പേർ ആ ദേവാലയം സന്ദർശിക്കയുണ്ടായി. അവരിൽ, എഴുപതു വയസ്സിൽ കൂടുതൽ പ്രായമുണ്ടായിരുന്ന ഒരു വൃദ്ധൻ പ്രത്യേക ശ്രദ്ധയെ ആകർഷിച്ചു. അയാൾ കുരിശുരൂപത്തെ പ്രത്യേകം ആദരിക്കുകയും, ജപ്പാനീസിൽ ഒരു പ്രാർത്ഥന ഉച്ചരിക്കുകയും ചെയ്തു. വി. യൌസേപ്പിന്റെ തിരുനാൾ ദിവസമായ മാർച്ച ൧൯-ാംനു- കാഴ്ചക്കാർ വളരെയുണ്ടായിരുന്നു. നാലു ചെറുപ്പക്കാർ, അവരുടെ വിശ്വാസത്തിനു സാക്ഷിയായി അവരുടെ പേരുകൾ പറഞ്ഞു കേൾപ്പിച്ചു.

"മെത്രോ. പവോലൊ, ജിവാനോ, ദൊമിൻഗൊ എന്നാണ് ഞങ്ങളുടെ പേരുകൾ" അടുത്ത ദിവസവും ഇങ്ങനെ തന്നെ നടന്നു; പക്ഷെ പോലീസുകാരുടെ പരിശോധന വീണ്ടും ഉണ്ടായി. അടുത്തുണ്ടായിരുന്ന ബുദ്ധമതക്കാരുടെ ഒരു സന്യാസാശ്രമത്തിൽ ഒരു കാവലും ഉറപ്പിച്ചു. വിവരം ഫാദർ പെററിജിൻ ജനങ്ങളെ ധരിപ്പിച്ചെങ്കിലും അദ്ദേഹത്തോടൊരുമിച്ചു പ്രാർത്ഥിക്കുന്നതിനുള്ള അവരുടെ ആഗ്രഹം മൂലം അവർ പിന്മാറിയില്ല. മാമ്മോദീസാ വ്യത്യാസം കൂടാതെ സ്വീകരിച്ചിരുന്ന ഒരുക്കൂട്ടം ആളുകൾ ഉരക്കാമിയിൽ ഉണ്ടെന്ന് പവോലോ മൂലം ൧൯-ാംനു- അദ്ദേഹത്തിന്നറിവു കിട്ടി. മാമ്മോദീസാ നടത്തുന്ന ചുരുക്കം പേക്കു മാത്രം അറിയാമായിരുന്ന ക്രൂദാശവാക്യം പവോലോവിനുപോലും അറിഞ്ഞുകൂടായിരുന്നു. "ഒരു കുട്ടി ജനിക്കുമ്പോൾ തങ്ങൾ മാമ്മോദീസാക്കാരനെ വിളിക്കുന്നു. അയാൾ അതിന്റെ ശിരസ്സിൽ കുരിശിന്റെ അടയാളത്തിൽ വെള്ളം ഒഴുക്കും; കുഞ്ഞിനു ഒരു പേരും കൊടുത്ത് വേറെന്തോ ഒക്കെ പ്രാർത്ഥിക്കുകയും ചെയ്യും. ഇങ്ങനെ എന്റെ ഭാര്യക്കു 'വെർജിനിയാ' എന്നും, പുത്രനു "തോമ്മസ്" എന്നും, പുത്രിക്ക് "ഇസബേറിനാ" എന്നും പേർ കിട്ടി."

അവർ ഞായറാഴ്ചയും മററു വിശേഷദിവസങ്ങളും ആചരിച്ചിരുന്നുവെന്നും, പരിശുദ്ധ കന്യകയേയും കാവൽമാലാഖാമാരേയും, തങ്ങളുടെ പേരുകാരായ വിശുദ്ധന്മാരെയും വണങ്ങിയിരുന്നുവെന്നും കൂടി ആ വൈദികനു മനസ്സിലായി. മാമ്മോദീസായുടെ മൊഴികൾ എന്താണെന്നു പവോലോവിനറിഞ്ഞു കൂടാതിരുന്നതിനാൽ ഉരക്കാമിയിൽ താമസിച്ചിരുന്ന മാമ്മോദീസാക്കാരനെ കാണേണ്ടതാവശ്യമായിവന്നു. ആ സ്ഥലത്തു ധാരാളം പുഷ്പങ്ങളും ഉയരമില്ലാത്ത വൃക്ഷങ്ങളും ഉണ്ടായിരുന്നതുകൊണ്ട് യൂറോപ്യന്മാർ പലപ്പോഴും ആ സ്ഥലം സന്ദർശിച്ചിരുന്നു. ഈ മിഷ്യനറിമാർ തന്നെയും അവിടത്തെ ക്രിസ്തീയ കുടുംബങ്ങളെക്കുറിച്ചറിയാതെ അവിടെയെല്ലാം നടന്നിട്ടുണ്ടായിരുന്നു. പവോലോ ഇതിനെക്കുറിച്ചു പറയുകയുണ്ടായി.

"നിങ്ങളെ ഞങ്ങളുടെ ഗ്രാമത്തിലും പട്ടണത്തിലുംവച്ച് ഞങ്ങൾ കണ്ടിട്ടുണ്ട്. പട്ടക്കാരാണെന്ന് അറിഞ്ഞേയില്ല. പള്ളി തീർന്നപ്പോഴെ കാര്യം ഞങ്ങൾക്കു മനസ്സിലായുള്ളു. ഇപ്പോൾ ഈ പള്ളിയിൽവന്ന് ഉപദേശം കേൾക്കുന്നതിനും മററും ഞങ്ങൾക്കുള്ള സന്തോഷം അതിര

ററതാണ്. പ്രാൎത്ഥിക്കുന്നതിനു ഒരു ദേവാലയമോ ഉപദേശിക്കുന്നതിനു ഒരു വൈദികനൊ ഇല്ലാതെ ഞങ്ങൾ വളരെ കഷ്ടപ്പെട്ടു."

മാമ്മോദിസാക്കാരനുമായി പരിചയപ്പെടുന്നതിനു മുമ്പുതന്നെ പല അറിവുകളും അദ്ദേഹത്തിനു ലഭിച്ചു. ഒരു ദിവസം കുറെ ആളുകൾ കുരിശുരൂപത്തേയും പരിശുദ്ധ കന്യകയുടെ പ്രതിമയേയും പ്രത്യേകം ബഹുമാനിക്കുന്നതുകണ്ടു്, അവർ നാഗസാക്കിയിൽനിന്നു വന്നവരൊ എന്നദ്ദേഹം ചോദിച്ചു.

അതെ, നിങ്ങൾ കാണുന്നതെന്താണെന്നു നിങ്ങൾക്കു മനസ്സിലാകുന്നുണ്ടൊ എന്നു കുരിശു രൂപത്തെ കാണിച്ചുകൊണ്ടു ചോദിച്ചു. അതു കുരിശുരൂപമാണ്. ആ ആളിന്റെ പേരെന്തു്? ദേയൂസ് സാമാ. (ദൈവം)

ഒരു വൃദ്ധൻ പറഞ്ഞു. "ഞങ്ങൾ ഉരക്കാമിയിൽനിന്നു വരുന്നു; ഇന്നു ഞങ്ങളുടെ പ്രാൎത്ഥനാദിവസമാണ്." അതു മാർച്ച് ൧൭-ാംനു- ഞായറാഴ്ച തന്നെയായിരുന്നു.

അടുത്ത ദിവസത്തെ സന്ദർശകർ "യോക്കി സാന്താമരിയാസാമാ" (നല്ലഅമ്മ വിശുദ്ധ മറിയം) എന്നു പറഞ്ഞുകൊണ്ടു്, മാതാവിന്റെ പ്രതിമയെ പ്രത്യേകം ആദരിച്ചു. മാതാവിന്റെ സ്തുതിക്കായി അവർ ചെയ്തിരുന്ന പ്രാൎത്ഥനകളെക്കുറിച്ചു ചോദിച്ചപ്പോൾ, ഒരാൾ ലത്തീൻഭാഷയിൽ "നന്മനിറഞ്ഞ മറിയ"വും, വേറൊരാൾ "രാജകന്യക"യും ചൊല്ലികേൾപ്പിച്ചു. ഇങ്ങനെ തുടരെ പ്രത്യക്ഷപ്പെട്ട പൂൎവ്വക്രിസ്ത്യാനികളുടെ സംഖ്യ, അമ്പതിനായിരത്തിൽ കൂടുതലായിരുന്നു. ഇത്ര തുറന്ന ഒരു സംഗതി ഒരിക്കലും രഹസ്യമാക്കിവച്ചു കൊണ്ടിരിക്കാൻ കഴിയുന്നതല്ലല്ലൊ. ഏകദേശം നാല്പതിനായിരം പേർ ഗവൎമ്മെണ്ടുത്തരവനുസരിച്ചു ബന്ധിക്കപ്പെടുകയും, ദുഷ്ടജനങ്ങൾ നിവസിച്ചിരുന്ന ദൂരസ്ഥലങ്ങളായ ദ്വീപുകളിലേക്കു നാടുകടത്തപ്പെടുകയും ചെയ്തു. അവരിൽ ഏകദേശം മൂന്നിലൊരംശം ആളുകൾ കഷ്ടതയനുഭവിച്ചു തന്നെ മരിച്ചു. ഇങ്ങനെ കുറെക്കാലം കൂടി കഴിഞ്ഞപ്പോൾ ദൈവഗത്യാ ഫവ്വന്മെ-ൽ ക്രിസ്തീയമതത്തിനു സ്വാതന്ത്ര്യം ലഭിച്ചു. സുവിശേഷപ്രചാരകന്മാൎക്കു ഇപ്പോൾ ജപ്പാനിൽ ഒരു ഫലപ്രദമായ വയൽ ലഭിച്ചിട്ടുമുണ്ടു്. ഇൻഡ്യയിലെപ്പോലെ—പ്രത്യേകം കേരളത്തിലെപ്പോലെ—തന്നെ ജപ്പാനിലും പ്രോട്ടസ്റ്റണ്ടുകാരുടെ നിരന്തരശ്രമവും ഉത്സാഹവും മൂലം തിരുസഭക്കു അതിയായ നഷ്ടം നേരിട്ടുകൊണ്ടാണിരിക്കുന്നതു്. വി. പ്രാൻസിസ് ശവരിയാരുടെ സമ്പാദ്യമായ ജപ്പാനിലും കേരളത്തിലും ഈ നിലമാറി പ്രോട്ടസ്റ്റണ്ടു ശക്തികളെ കീഴടക്കുന്നതിനു തക്ക ശക്തി കത്തോലിക്കൎക്കു ലഭിക്കുന്നതിനായി എല്ലാവരും (ജപ്പാനുവേണ്ടി മറെറാന്നും കഴിഞ്ഞില്ലെങ്കിലും) പ്രാൎത്ഥിക്കുകയും, (കേരളത്തിന്റെകാൎയ്യത്തിൽ നിശ്ചയമായും) സോത്സാഹം ശ്രമിക്കുകയും ചെയ്യേണ്ടതാണ്.

## വി. പത്രിച്ചിയുടെ ജീവചരിത്രം.

(തുടർച്ച)

സ്ലീവേമിഷ്, എന്ന സ്ഥലത്തു വസിക്കയിൽ, പത്രീച്ചിക്കു പല കഷ്ടപ്പാടുകൾ സഹിക്കേണ്ടതായി വന്നതിനാൽ വിവിധ സൽകൃത്യങ്ങളിലും വിശിഷ്യ, സഹനം, തപസ്സാദിയായവകളിലും നല്ലപോലെ അഭ്യസിച്ചുവന്നു. "പത്രീച്ചിയെ! നീ നല്ലവണ്ണം ഉപവസിക്കണം. ഉപവസിച്ചുകൊണ്ടു നിന്റെ സ്വരാജ്യത്തേക്കു നീ പോകണം" എന്നും, സ്വല്പം കഴിഞ്ഞിട്ട് "ഇതാ നിനക്കു കപ്പൽ തയ്യാറായിരിക്കുന്നു" എന്നും ഒരു അശരീരി വാക്യം രാത്രിയിൽ കേൾക്കപ്പെട്ടു. അന്നുതന്നെ മിൽകോയുടെ പക്കൽനിന്നു പിരിഞ്ഞു സുമാറു ഇരുനൂറു മൈൽ ദൂരം യാത്രകഴിച്ചു സമുദ്രതീരത്തു ചെന്നുചേർന്നു. അവിടെ കപ്പൽ തയാർ ഉണ്ടായിരുന്നെങ്കിലും, അതിലെ കപ്പിത്താൻ പ്രവേശനം നൽകിയില്ല. പത്രീച്ചിയോ എന്നാൽ അധൈൎയ്യപ്പെടാതെ സൎവ്വേശ്വരനോടു പ്രാൎത്ഥിക്കയും അവിടുന്നു തന്റെ അപേക്ഷയെ കേൾക്കയും, ചെയ്തു. എ

ങ്ങിനെയെന്നാൽ, തുറമുഖത്തിൽ നിന്ന് അധികം ദൂരെപ്പോകുന്നതിന്നുമുമ്പുതന്നെ അയാളെ വിളിക്കുന്ന ഒരു സ്വരം കേട്ടു കപ്പലിലേക്കു മടങ്ങി ചെന്നപ്പോൾ, കപ്പിത്താൻ അയാളോടു "കപ്പലിൽ കയറിക്കൊള്ളുക, നമുക്കു സ്നേഹമായി കഴിഞ്ഞുകൂടാം" എന്നു പറഞ്ഞു. പത്രീച്ചി കപ്പലിൽ പ്രവേശിച്ചു യാത്ര തുടങ്ങി. എരിൻദ്വീപിന്റെ ഭംഗിയേറിയ കരയിൽനിന്നു വിസ്തീർണ്ണമായ സമുദ്രത്തിലേക്കു പായിച്ചു, കപ്പൽ ഒരു വിദേശത്തു ചെന്നെത്തി. അവർ കപ്പൽ വിട്ടിറങ്ങി ഉൾനാട്ടിലേക്കുള്ള പുറപ്പാടായി. യാത്രയിൽ വിശപ്പുകൊണ്ടു മിക്കവാറും മരിച്ചുവെന്നു പറയത്തക്ക സ്ഥിതിയിലായതിനാൽ "ഞങ്ങൾ പട്ടിണി കിടന്നു മരിക്കാതിരിപ്പാൻവേണ്ടി നീ ദൈവത്തോടു പ്രാർത്ഥിക്ക" എന്നു പത്രീച്ചിയെ അനുയാത്രക്കാർ നിർബന്ധിച്ചു. പത്രീച്ചി തീഷ്ണതയോടെ ദൈവത്തോടു പ്രാർത്ഥിക്കയിൽ, ഒരു വലിയ പന്നിക്കൂട്ടം ഇവരുടെനേരെ വരികയും ഇവയിൽ പലതും ഇവരുടെ ആഹാരപദാർത്ഥമായി തീരുകയും ചെയ്തു.

ഒടുവിൽ പത്രീച്ചി, ടൂർസ്സ് എന്ന മഹാ നഗരത്തിൽ ചെന്നുചേർന്നു. അവിടത്തെ മെത്രാൻ വിശുദ്ധ മർത്തീനോസായിരുന്നു. പത്രീച്ചി, വി. മർത്തീനോസിന്റെ ഒരു ചാർച്ചക്കാരനായിരുന്നു എന്നും ഈ വിശുദ്ധനിൽനിന്നാണു തനിക്കു സന്യാസവസ്ത്രം ലഭിച്ചതു് എന്നും അഭിപ്രായപ്പെടുന്ന പല ഗ്രന്ഥകർത്താക്കൾ ഉണ്ട്. ആ കാര്യം എങ്ങിനെയെങ്കിലും ആകട്ടെ; വി. പത്രീച്ചി, മർമ്മൊസ്റ്റിയർ എന്ന സ്ഥലത്തുള്ള വി. മർത്തീനോസിന്റെ ആശ്രമത്തിൽ ദീർഘകാലം വസിക്കുകയും അവിടെവച്ചു വൈദിക അന്തസ്സിന്ന് ഒരുങ്ങുകയും ചെയ്തു എന്നതു നിശ്ചയംതന്നെ. അന്ന് അത്ര ചെറുപ്പമല്ലായിരുന്നിട്ടും ചെറിയ കുട്ടികളുടെകൂടെ പള്ളിക്കൂടത്തിൽ പോകുന്നതിന്നു പത്രീച്ചി ഒട്ടും ശങ്കിച്ചിരുന്നില്ല. വേദപഠനങ്ങളിൽ അഭിവൃദ്ധി പ്രാപിച്ചതോടെ സുകൃതത്തിലും സ്ഥിരപ്പെട്ടുവന്നു. പിന്നീടു ആത്മീയശാസ്ത്ര സമ്പാദനത്തിന്നായി ഔക്സേറെ പട്ടണത്തിലേക്കു പോയി. ആ പട്ടണത്തിലെ മെത്രാന്റെ പേർ ജർമ്മാനൂസ് എന്നായിരുന്നു. ഇദ്ദേഹം ധനികനും, ശാസ്ത്രജ്ഞനും, കുലീനനും ആയിരുന്നില്ലെങ്കിലും, നമ്മുടെ രക്ഷിതാവിനെപ്രതി ഐശ്വര്യഭാഗ്യങ്ങളെല്ലാം ഉപേക്ഷിച്ച്, ഒരാശ്രമത്തിൽ ഞെരുക്കമായ ഒരു ജീവിതമാണു കഴിച്ചുവന്നതു്. പ്രസ്തുത ആശ്രമവാസികൾ ഉപവാസത്തിലും ഇടവിടാതെയുള്ള ജപത്തിലും അഗതികളെ സഹായിച്ചു രക്ഷിക്കുന്നതിലും ആണു അവരുടെ സമയം വ്യയംചെയ്തിരുന്നതു്. ഈ മഹാനായ മെത്രാന്റെ കൂടെ പത്രീച്ചി പലവർഷം ഒന്നിച്ചു വസിച്ചിട്ടുണ്ട്. സാധുക്കളായ അജ്ഞാനികളുടെനേരെ ജർമ്മാനൂസിന്ന് അതിയായ അനുകമ്പയുണ്ടായിരുന്നു. അവരുടെ മാനസാന്തരത്തിനായി ജർമ്മാനൂസ് ശ്രമിച്ചു വന്നതുപോലെ വി. പത്രീച്ചിയും ശ്രമിച്ചുവന്നിരുന്നു. ഇതുകണ്ട് അദ്ദേഹം പത്രീച്ചിയെ വളരെ ബഹുമാനിക്കുകയും യഥാശക്തി സഹായിക്കയും ചെയ്തിരുന്നു. ആ കാലങ്ങളിൽ ഫ്രാൻസിനു സമീപമുള്ള ഒരു ദ്വീപിലായിരുന്നു പത്രീച്ചിയുടെവാസം. അനന്തരം തിരുപ്പട്ടം സ്വീകരിച്ചു തന്റെ സംബന്ധികളെ കാണുന്നതിനായിട്ടു ചെല്ലുകയിൽ തങ്ങളോടുകൂടെ പാർക്കുന്നതിന്നു അവർ പത്രീച്ചിയെ വളരെ നിർബന്ധിച്ചു. ഇതു സാക്ഷാൽ പത്രീച്ചിക്കു ഒരു വലിയ പരീക്ഷാവസരമായിരുന്നു. സ്വജനങ്ങളുടെ നേരെ അധികം സ്നേഹമുണ്ടായിരുന്നതുകൊണ്ടു അവരുടെ അപേക്ഷ സാധിച്ചുകൊടുക്കണമെന്നായിരുന്നു പത്രീച്ചിയുടെ ആഗ്രഹമെങ്കിലും ദൈവനിശ്ചയം മറ്റുപ്രകാരമായിരുന്നു. മറിച്ചുചെയ്തിരുന്നെങ്കിൽ ഐർലാണ്ടിന്റെ സ്ഥിതി ദുഃഖകരമായിത്തീർന്നേനെ. പരീക്ഷ നിറഞ്ഞ ഈ ദിവസങ്ങളിൽ ദൈവം തനിക്കു ഒരു കാഴ്ച നൽകി. അതെങ്ങിനെയെന്നാൽ, അർദ്ധരാത്രിയിൽ പത്രീച്ചി നിദ്ര ചെയ്കയിൽ ഒരു മനുഷ്യൻ ഒട്ടുവളരെ ലേഖനങ്ങൾ കരങ്ങളിൽ പിടിച്ചു എരിൻദ്വീപിൽനിന്നു പുറപ്പെട്ടു തന്റെ പക്കൽ അടുത്തുവന്ന് ഒരു ലേഖനം പത്രീച്ചിക്കു കൊടുക്കുന്നതായി തോന്നി. പത്രീച്ചി കത്തു വാങ്ങി വായിപ്പാൻ തുടങ്ങി. ന. വിശുദ്ധൻ പറയുംപ്രകാരം "ഞാൻ ലേഖനം വാ

യിച്ചു; അതിൻെറ ആരംഭത്തിൽ ഐറീഷ് ജനതയുടെ സ്വരം” എന്നെഴുതപ്പെട്ടിരുന്നു. ഞാൻ തുടൎന്നുവായിച്ചുകൊണ്ടിരിക്കയിൽ, പശ്ചിമസമുദ്രത്തിന്നു സമീപെയുള്ള ഫോൾക്കുറുവനത്തിന്നപ്പുറത്തുനിന്നു ഇപ്രകാരം കുട്ടികൾ എന്നോടു വിളിച്ചു പറയുന്നതായി തോന്നി. “ഓ! പരിശുദ്ധ യുവാവേ നീ വീണ്ടുംവന്നു ഞങ്ങളുടെ മദ്ധ്യേ സഞ്ചരിക്കണമെന്നു ഞങ്ങൾ യാചിക്കുന്നു” ഇതു നിമിത്തം മുന്നോട്ടു വായിക്കുന്നതിന്നു തീരെ നിവൃത്തിയില്ലാത്തവിധം അത്രയ്ക്കു എൻെറ ഹൃദയം ദുഃഖംകൊണ്ടു നിറഞ്ഞു” പിന്നീടു ദൈവത്തെപ്രതിയും ഐർലാണ്ടിനുവേണ്ടിയും തൻെറ ചാൎച്ചക്കാരിൽനിന്നുഎന്നന്നേക്കും വിട്ടുപിരിയുന്നതിനു ധീരതയോടെ ഉറച്ചു എങ്കിലും കഠിനമായ അനേകം പരീക്ഷകൾ സഹിക്കേണ്ടതായി വന്നു.

കുറഞ്ഞൊരുനാൾ ബന്ധുമിത്രാദികളുമായി സഹവസിച്ചതിൻെറ ശേഷം വീണ്ടും എരിൻ ദ്വീപിലേക്കു പോയി. അപ്പോഴും ജമ്മാനൂസ് തന്നെയായിരുന്നു വിശ്വസ്ത സ്നേഹിതനും ആലോചനക്കാരനും. അയർലണ്ടിൽ സുവിശേഷം പ്രസംഗിക്കുന്നതിന്നു വേണ്ടി അനുമതിയും, അധികാരവും മാൎപ്പാപ്പായിൽനിന്നു വാങ്ങുവാൻ റോമായിലേക്കു പോകണമെന്നു പത്രീച്ചിക്കു ഉപദേശം കൊടുത്തതും ഇദ്ദേഹംതന്നെ. ജമ്മാനൂസ് ഫ്രാൻസിലെ തിരുസിംഹാസനത്തിൻെറ പ്രതിപുരുഷൻകൂടെ ആയിരുന്നു. ആ കാലത്തു വി. പത്രോസിൻെറ സിംഹാസനത്തിൽ വാണിരുന്നതു പുണ്യവാനായ സെലസ്റ്റീനോസു പാപ്പായാണ്. ഇദ്ദേഹം മുമ്പേതന്നെ എരിൻദ്വീപിൽ വേദമറിയിക്കുന്നതിന്നായി, പല്ലാദിയൂസിനെ അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഐറീഷ് ജനത്തെ സത്യവിശ്വാസത്തിലേക്കു കൊണ്ടുവരുന്നതിന്നുള്ള ഈ വിശുദ്ധ പാപ്പായുടെ അത്യാശ പല്ലാദിയൂസിന്നു നിറവേറുന്നതിന്നു സാധിച്ചില്ല. അതിനാൽ അത്യധിക സന്തോഷത്തോടെ പത്രീച്ചിക്കു തൻെറ അനുമതിയും ആശീൎവ്വാദവും നൽകി, എരിൻ ദ്വീപിലെ പ്രേഷകനായി മാൎപ്പാപ്പാ അയാളെ അയച്ചു. സ്വല്പകാലത്തിന്നിടയ്ക്കു വി. ചെലസ്റ്റീൻ പാപ്പായും, ജമ്മാനൂസും പരലോകപ്രാപ്തരായി.

വി. പത്രീച്ചി, ക്രിസ്തുവൎഷം ൪൩൨-ൽ ആണ് ഐറലണ്ടിൽ ചെന്നെത്തിയതു്. തൻെറ തൃപ്പാദങ്ങൾ രണ്ടാം പ്രാവശ്യം എരിൻ ദ്വീപിൽ വച്ച ദിവസം വാസ്തവത്തിൽ ഭാഗ്യപ്പെട്ട ഒന്നായിരുന്നു. ആദ്യം ഈ സ്ഥലം വിട്ടിറങ്ങിയപ്പോൾ ഒരു അനാഥക്കുട്ടിയായിരുന്നു. ഇപ്പോഴാവട്ടെ ഉദ്ദേശം ൬൦ വയസ്സു പ്രായമുള്ള ഒരു വയോവൃദ്ധ പ്രേഷകനായിട്ടാണു മടങ്ങി ചെന്നിരിക്കുന്നതു്. അവിടം വിട്ടുപോയതിന്നുശേഷം അനേക കഷ്ടതകളും, ഞെരുക്കങ്ങളും, അപകടങ്ങളും, പീഡകളും സഹിച്ചതിനാൽ മ്ശിഹായുടെ കളരിയിലും തൻെറ കുരിശിൻെറ പഠനത്തിലും മഹാ നിപുണനായിത്തീൎന്നു. ദീൎഘമായ കപ്പൽ യാത്ര കഴിച്ചു ആദ്യം വന്നിറങ്ങിയതു വിക്ലൊ കൌണ്ടിയിലാണ്. ആ സ്ഥലത്തെ നാടുവാഴി അദ്ദേഹത്തിന്നു പ്രവേശനം അനുവദിച്ചില്ല. അതുകൊണ്ടു ഉടൻതന്നെ അവിടം വിട്ടുപോകേണ്ടിവന്നു; എങ്കിലും ഈ പ്രദേശത്തിൽ ഒരാൾക്കു സത്യവിശ്വാസത്തിൻെറ പ്രകാശം നൽകുകയുണ്ടായി. ഇതാണ് എരിൻ ദ്വീപിൽ താൻ നേടിയ ആദ്യഫലം. താൻ ഈ സ്ഥലം വിട്ടു വടക്കൻപ്രദേശങ്ങളിലേക്കു യാത്ര തിരിച്ചു്, മീത്തുകൌൺണ്ടിയിൽ ഇപ്പോൾ ‘നാന്നി’എന്നു പറഞ്ഞുവരുന്ന സ്ഥലത്തിന്നു സമീപം ബോയിൻ ദ്രോക്കായി എന്ന ഒരു നദിതീരത്തു അടുത്തു. ഈ സ്ഥലത്തോടടുത്തു സെസ്സനൻ എന്നു പേരുള്ള ഒരു കലിനൻ വസിച്ചിരുന്നു. ഇയ്യാൾ സുവിശേഷത്തെ അനുസരിച്ചു വി. പത്രീച്ചിയുടെ കയ്യിൽനിന്നു ജ്ഞാനസ്നാനം സ്വീകരിച്ചു. ഇദ്ദേഹത്തിന്നു മഹാ സൌമ്യനും ശാന്തനും, സുശീലനും ആയ ഒരു പുത്രനുണ്ടായിരുന്നു. ഒരു ദിവസം പത്രീച്ചി യാത്രകൊണ്ടും പ്രസംഗംകൊണ്ടും ക്ഷീണിച്ചു കിടന്നുറങ്ങുകയിൽ, ഈ ബാലൻ പത്രിച്ചി നിദ്ര ചെയ്യുന്നിടത്തു വന്നു വിശുദ്ധൻെറ ശിരസ്സിന്മേലും നെഞ്ചത്തും വെള്ളപ്പുഷ്പങ്ങൾ വിതറുവാൻ തുടങ്ങി. അപ്പോൾ കൂടെയുണ്ടാ

യിരുന്നവർ 'അപ്രകാരം ചെയ്യരുതു; അദ്ദേഹത്തെ നീ ഉണത്തും' എന്നു പറഞ്ഞുമുടക്കുകയിൽ, വിശുദ്ധൻ ഉണൎന്നു 'അവനെ അസഹ്യപ്പെടുത്തല്ലെ, എന്റെ രാജ്യത്തിന്റെ അവകാശി അവൻ ആകുന്നു' എന്നാണു് പറഞ്ഞതു്. ഏതാനും വൎഷത്തിന്റെ ശേഷം, ഈ യുവാവു് അമ്മായുടെ മെത്രാപ്പോലിത്തായും വി. പത്രിച്ചിയുടെ പിൻഗാമിയുമായിത്തീൎന്നു.

(തുടരും.)

. ച . 2 . ഥ



## തിരുഹൃദയ ഭക്തന്മാർ

൧൯൧൭ കന്നിമാസത്തിൽ വെയ്ക്കേണ്ട

## പൊതുക്കരുതൽ.

"മെക്ക്സിക്കോയിലെ കത്തോലിക്കമതാഭിവൃദ്ധി."

മെക്ക്സിക്കൊ, സ്പെയിൻഗവൎമ്മേണ്ടിന്റെ അധീനത്തിൽ ആയിരിക്കയിൽ, അതായതു ഉദ്ദേശം ഒരു ശതവൎഷത്തിനു മുമ്പു്, കത്തോലിക്കാമതത്തെ സംബന്ധിച്ചെടത്തോളം അവിടുത്തെ സ്ഥിതി വളരെ തൃപ്തികരമായിരുന്നു. അന്നു കത്തോലിക്ക സ്ഥാപനങ്ങളായ സൎവ്വകലാ ശാലകൾ, കാളേജുകൾ, ദേവാലയങ്ങൾ, സന്യാസാശ്രമങ്ങൾ കന്യകാമഠങ്ങൾ ആദിയായവ അവിടെ സൎവ്വത്ര കാണാമായിരുന്നു. കത്തോലിക്കമതം തന്നെയായിരുന്നു രാജ്യമതവും. ഇപ്പോഴത്തെ സ്ഥിതിയാവട്ടെ വളരെ മാറിപ്പോയി. നിരീശ്വരന്മാരാണു് ഇപ്പോൾ അവിടുത്തെ ഭരണാധികാരികൾ. ഇവർ, കത്തോലിക്ക ദേവാലയങ്ങളേയും മററു സ്ഥാപനങ്ങളേയും ഗവൎമ്മേണ്ടിലേക്കു മുതൽ കൂട്ടുകയും കൊള്ളചെയ്യുകയും ചെയ്യുന്ന സംഗതി പോകട്ടെ. ബലിപീഠത്തുങ്കൽവച്ചുതന്നെ എത്ര പട്ടക്കാരേയും മെത്രാന്മാരേയുമാണു് ഇവർ കൊല്ലുന്നതു്. രാജ്യഭ്രഷ്ടരായ വൈദികൎക്കാ ഒരു കൈയും കണക്കുമില്ല. ഇതിനും പുറമെ കത്തോലിക്ക പൌരന്മാരെ കൂട്ടക്കൊലയും ചെയ്യുന്നു. അവിടെയുള്ള കത്തോലിക്കരുടെ ദൃഢമായ മതവിശ്വാസം കൊണ്ടല്ലായിരുന്നു എങ്കിൽ, കത്തോലിക്കാമതം, പണ്ടേക്കു പണ്ടെ അവിടെനാമാവശേഷമായേനെ. അതുകൊണ്ടു മെക്ക്സിക്കോയിലെ മതപീഡ അവസാനിച്ചു്, അവിടെ വീണ്ടും കത്തോലിക്കാ മതത്തിനു പൂൎണ്ണസ്വാതന്ത്ര്യം ലഭിക്കുന്നതിനും തൻമൂലം പൂൎവ്വാധികമായി അതു അഭിവൃദ്ധിപ്പെടുന്നതിനുമായി തിരുഹൃദയഭക്തർ ഈ മാസത്തിൽ പ്രത്യേകം പ്രാൎത്ഥിപ്പാറാകണം.

തുലാമാസത്തെ പൊതുക്കരുതൽ.

"യുവജനങ്ങളുടെ ഇടയിൽ ജപഅപ്പോസ്തലസഭയുടെ പ്രചാരം."

## ലോകവൎത്തമാനച്ചുരുക്കം.

നമ്മുടെ അന്നദാതാവായ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഷഷ്ടിപൂൎത്തി മഹോത്സവം വളരെ കേമമായ വിധത്തിൽ സംസ്ഥാനമൊട്ടുക്കും ജനങ്ങൾ ഘോഷിച്ചിരിക്കുന്നു. കത്തോലിക്ക മതസിദ്ധാന്തപ്രകാരം രാജാക്കന്മാർ ദൈവത്തിന്റെ പ്രതിപുരുഷന്മാരാണു്. ഈ വിശ്വാസം ദൃഢമായി പതിഞ്ഞിട്ടുള്ള കത്തോലിക്ക പ്രജകൾ ഈ അവസരത്തിൽ രാജഭക്തിയെ ഏതുപ്രകാരത്തിൽ പ്രദശിപ്പിച്ചു എന്നു പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. തിരുമനസ്സുകൊണ്ടു രാജ്യഭാരം കൈയേററിട്ടു ഇപ്പോൾ ൩൨ കൊല്ലം കഴിഞ്ഞിട്ടുണ്ടു്. ഇത്ര

ത്തോളം ദീർഘമായി പ്രജാപരിപാലനം ചെയ്വാനും ഷഷ്ടിപൂർത്തിമഹം ആഘോഷിപ്പാനും ഭാഗധേയം സിദ്ധിച്ചിട്ടുള്ള മഹാരാജാക്കന്മാർ നമ്മുടെ രാജകുടുംബത്തിൽ വളരെ ദുർല്ലഭമാണ്. തിരുമനസ്സിലെ ഭരണത്തിൽ രാജ്യത്തിനും പ്രജകൾക്കും പൊതുവെ വിസ്മയനീയമായ ശ്രേയസ്സുണ്ടായിട്ടുണ്ട്. കത്തോലിക്ക സമുദായത്തിന്നു തിരുവിതാംക്രൂർ രാജകുടുംബത്തിൽനിന്നും വിശിഷ്യ ഇപ്പോഴത്തെ പൊന്നുതമ്പുരാൻ തിരുമനസ്സിൽനിന്നും ലഭിച്ചിട്ടുള്ള മഹത്തായ സഹായങ്ങളെ ഈ അവസരത്തിൽ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം മഹാനായ നമ്മുടെ പൊന്നുതമ്പുരാൻ ഇനിയും വളരെക്കാലം ആയുരാരോഗ്യാദി ഭാഗ്യങ്ങളോടുകൂടി ജീവിച്ചിരുന്നു പ്രജാപരിപാലനം ചെയ്യുരുളുന്നതിന്നു ഈ സന്ദർഭത്തിൽ 'കുസുമം' ദൈവത്തോടു ഭക്തിപൂർവ്വം പ്രാർത്ഥിച്ചുകൊള്ളുന്നു.

വത്തിക്കാനും ഫ്രഞ്ചു ഗവർമ്മേണ്ടും തമ്മിലുള്ള "ഡിപ്ലോമാററിക്ക് ബന്ധം" പുനർജ്ജീവിപ്പിക്കേണ്ടതാണെന്നു ഫ്രഞ്ചു ജനത ഗവർമ്മേണ്ടിനോടപേക്ഷിച്ചുകൊണ്ടിരിക്കുന്നു.

ഈയിടെ മരണംപ്രാപിച്ച ഡബ്ളിൻ പട്ടണവാസിയായ ഒരു വണിക്പരൻ, മരണശാസനംമൂലം പതിനായിരം പവൻ മാർപ്പാപ്പാ തിരുമേനിക്കു ദാനം ചെയ്തിരിക്കുന്നു.

ഐ വർഷങ്ങൾക്കുമുമ്പു ഒരു കത്തോലിക്കാ വൈദികൻ അമേരിക്കായിൽ ഇൻഡ്യാനാ സംസ്ഥാനത്തു് നോട്രെഡാമിൽ ഒരു ചെറിയ കപ്പേളയും അതിനൊത്ത ഒരു വസതിയും പണിയിച്ചു. എഡ്വേർഡ് സോറിൻ എന്ന ഈ പട്ടക്കാരൻ, നിർദ്ധനനെങ്കിലും വിശ്വാസസമ്പന്നനായിരുന്നു. ഇദ്ദേഹത്തിന്റെ പരിശ്രമഫലമായി അനവധി ബ്രഹമാണ്ഡവും മനോഹരവുമായ കെട്ടിടങ്ങളാണ് ഇപ്പോൾ അവിടെ സ്ഥിതിചെയ്യുന്നതു്. ഇവിടെയാണ് അമേരിക്കായിലെ പ്രധാനപ്പെട്ട സർവ്വകലാശാലകളിൽ ഒന്നും കത്തോലിക്ക പഠനത്തിന്റെ കേന്ദ്രസ്ഥാനവും. അമേരിക്കായിലുള്ള എല്ലാം സംസ്ഥാനങ്ങളിൽനിന്നുമുള്ളതിനുപുറമേ, ജർമ്മനി, അയർലാണ്ടു, സ്പെയിൻ, ഫിലിപ്പയിൻ ദ്വീപങ്ങൾ, ചൈനാ, ജപ്പാൻ മുതലായ രാജ്യങ്ങളിൽനിന്നും വിദ്യാർത്ഥികൾ വന്നു ഈ സർവ്വകലാശാലയിൽ പഠിക്കുന്നുണ്ടു്. ഈ സർവകലാശാലയുടെ കീഴുള്ള കോളേജ്കളിൽ പഠിച്ചു ൨൭ വിഷയങ്ങളിൽ ഡിഗ്രി എടുക്കാവുന്നതാണ്. അവിടുത്തെ പുസ്തകശാലയിൽ ആറുലക്ഷം പുസ്തകങ്ങളിൽ അധികമുണ്ടു്. ഇതു ലോകത്തിലുള്ളതിൽ ഏററവും വിശേഷപ്പെട്ട ഒന്നാണ്. ഇതിനു ഗവർമ്മേണ്ടിൽനിന്നു യാതൊരു ധനസഹായവും ലഭിക്കുന്നില്ലാ എന്നതാണ് ഈ സർവകലാശാലയ്ക്കുള്ള ഒരു വൈശിഷ്ട്യം. അഞ്ചുവർഷങ്ങൾക്കുമുമ്പു ഒരു അകത്തോലിക്കന്റെ പണസഹായംകൊണ്ടു പത്രപ്രവർത്തനം സംബന്ധിച്ച് ആരംഭിച്ചിട്ടുള്ള ഒരു സ്കൂൾ ഒഴികെ മററുള്ള സകല ചെലവുകളും കത്തോലിക്കരുടെ സഹായംകൊണ്ടാണു നടത്തുന്നതു്. ഈ സർവ്വകലാശാലയുടെ വജ്റജൂബിലി ഈയിടെയാണു ആഘോഷിക്കുകയുണ്ടായതു്. ആ അവസരത്തിൽ ജിബൺസ് കർദ്ദിനാൾ, ചിക്കാഗോയിലെ മെത്രാപ്പോലീത്താ ആദിയായി അവിടെയുള്ള കത്തോലിക്കനേതാക്കൾ എല്ലാവരും ഹാജരുണ്ടായിരുന്നു.

ജപ്പാനിൽനിന്നും ഒരു മിഷ്യൻ ഈയിടെ വത്തിക്കാനിൽ എത്തുകയുണ്ടായി. കത്തോലിക്ക വൈദികർ മുഖേന ഉന്നതമായ ശാസ്ത്രീയജ്ഞാനം ജപ്പാനിൽ പരത്തുന്നതിനു മാർപ്പാപ്പാ തിരുമേനിയുടെ ഒത്താശ ഉണ്ടാകേണമെന്നപേക്ഷിക്കേണമെന്നാണ് ഈ മിഷ്യന്റെ ഒരുദ്ദേശ്യം. ജപ്പാനീസ് ഗവർമ്മേണ്ടിന്റെ പ്രതിനിധിയെ വത്തിക്കാനിൽ സ്വീകരിക്കേണ്ടതിനെപ്പററി ആലോചന നടത്തുന്നതാണു മറെറാരുദ്ദേശ്യമെന്നും ഒരു ജനശ്രുതിയുണ്ടു്.

വടക്കേ അമ്മേരിക്കായുടെ വടക്കുപടിഞ്ഞാറെ അററത്തു സ്ഥിതിചെയ്യുന്ന അലാസ്കാ രാജ്യത്തിൽ, ഉദ്ദേശം ഒരു ശതവർഷത്തിന്നു മുമ്പ് ആദ്യമായി ക്രിസ്തുമതം പ്രചരിപ്പിച്ചതു റഷ്യാക്കാരായ കച്ചവടക്കാർ ആയിരുന്നു. അതു റഷ്യൻ ഓർത്തഡോക്ക്സ് മതമായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. കത്തോലിക്ക മിഷ്യനറിമാരും പിന്നീടു അവിടെ വേല ആരംഭിക്കുകയും ൧൧,൦൦൦ പേരെ മാനസാന്തരപ്പെടുത്തുകയും ചെയ്തു. ഇത്രയുമാണു ഇപ്പോൾ അവിടുത്തെ കത്തോലിക്ക ജനസംഖ്യ. ഇവരെല്ലാം ഈശോ സഭക്കാരുടെ കീഴിലുമാണ്.

മംഗലാപുരത്തു സെൻറു ആൽസ് ഗെറൽസ് ഹൈസ്കൂളിൻെറ ഒരു ഭാഗം അഗ്നിക്കിരയായിരിക്കുന്നു. പാചകവൃത്തി പരിശീലിപ്പിക്കുന്നതിന് പ്രധാന കെട്ടിടത്തോടനുബന്ധിച്ചുണ്ടാക്കീട്ടുള്ള ഒരു അടുക്കളയിൽ നിന്നാണത്രേ തീ പുറപ്പെട്ടതു്.

ഫലിതരസപ്രധാനമായ ലണ്ടൻ "പ്രഞ്ച്" പത്രത്തിൻെറ അധിപരായിരുന്ന സർ ബെർനാഡ് അവർകളുടെ ൧൭,൦൦൦ പവൻ വിലക്കുള്ള സ്വത്തുക്കൾ മുഴുവനും, മരണപത്രംമൂലം തൻെറ ഭാര്യയ്ക്കാണു നൽകിയതു്. ഇവരുടെ മരണാനന്തരം തൻെറ ൧൨ മക്കൾക്കായി ഈ സ്വത്തുക്കൾ വീതിച്ചുകൊടുക്കേണമെന്നും അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു.

നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തി മഹോത്സവം പ്രമാണിച്ചു ൧൫-ാം ബനദിക്തോസ് മാർപ്പാപ്പാ തിരുമേനി സ്വഹസ്ത ലിഖിതമായ ഒരനുമോദന ലേഖനം അയക്കയുണ്ടായി. ഇൻഡ്യായുടെ ഡലഗാദ് അപ്പസ്തോലിക്കാ മൊൺസിഞ്ഞോർ ഫ്യുമസോണി അവർകളാണ് ഇതു മഹാരാജാവിന്നു സമർപ്പിച്ചതു്.

തിരുവിതാംകൂർ രാജ്യനിവാസികളായ കത്തോലിക്കരുടെ വകയായി ഒരു മംഗളപത്രവും, ഇവരുടെ മേൽ അധികാരമുള്ള മെത്രാന്മാർ എല്ലാവരും കൂടി വേറൊരു മംഗളപത്രവും പൊന്നുതമ്പുരാൻ തിരുമനസ്സിലേക്ക് സമർപ്പിച്ചതായറിയുന്നു. കത്തോലിക്കരുടെ മംഗളപത്രം അഞ്ഞൂറിൽ പരം രൂപാ വില പിടിപ്പുള്ള ഒരു കാസ്കററിൽ അടച്ചാണ് സമർപ്പിക്കയുണ്ടായതു്.

ഇക്കഴിഞ്ഞ ഏതാനും ആഴ്ചകളിൽ ഇംഗ്ലണ്ടിൽ ഒട്ടേറെ ആളുകൾ കത്തോലിക്കാ സഭയിൽ ചേരുകയുണ്ടായി. ഇവരിൽ പ്രധാനപ്പെട്ടവർ ൩ ആംഗ്ലീക്കൻ വൈദികരാണ്. ഹണ്ടിങ്ങ്ടൻഷയറിൽ മോലസ്‌വത്തിലെ റെക്ടരായ റവറണ്ട് സിഡ്നി എ. കത്ത്ബർട്ട്, ക്ലീവ്ടണിൽ സെൻറു ജോൺസ് ദേവാലയത്തിലെ ക്യുറെയിററായ റവ. റോളണ്ട്, ഒരു പ്രസിദ്ധ ചരിത്രകാരനായ റവ. ചാറൽസ് കോക്കസ് ഇവരാണു ഈ മൂന്നു വൈദികർ. ഒടുവിൽ പറഞ്ഞ വൈദികൻ തൻെറ ൬൪-ാമത്തെ വയസ്സിലാണു മാനസാന്തരപ്പെട്ടതു്. ഇവരെക്കൂടാതെ ഇപ്പോൾ ഫ്രാൻസിൽ യുദ്ധംചെയ്യുന്ന ജനറൽ

## ഒരപേക്ഷ.

(സരിഗമപ—ഗമപ—പ എന്ന മട്ട്.)

1 മറിയമേ! നീ മകനോടീ
മഹാപാപിയായോരെൻെറ—
മനോദുഃഖം ചൊല്ലേണമെ
മാനുഷരിലതിപാതകനാമീ
മഹാപാപിയായോരെൻെറ—
മനോദുഃഖം ചൊല്ലേണമെ. (മറിയമേ!.

2 പരമസുതൻ നരനാവാൻ
മനുകുലമതിലൊരു ജനനിയാകുവതിന്ന്
മാനിനിമാർമണിയാകിയ നീതാൻ
ജന്മകറയെന്ന്യേ സവ്വനന്മനിറഞ്ഞുകൊണ്ടു
(മറിയമേ!...

3 മനുജസുതൻ കുരിശിന്മേൽ
മരണമനുഭവിച്ചതിനൊരുമണിമുമ്പു
മാനുഷരായവരാസകലം നിൻ
മക്കളായിത്തന്നതിനെയുൾക്കനിവോടെനിനച്ചു
(മറിയമേ!...

4 അംഹമഖിലംമനസാൽഞാൻ (നേരെ
അനുദിനംചെയ്യുകൊണ്ടിന്നഖിലേശനോടു—
ആകുലമാകിലുമീയവനനോതാൻ
അല്പവുമയോഗ്യനാണെ—
ന്നുൾപൂവിൽനിനച്ചുകൊണ്ടു (മറിയമേ!...

5 തവസുതനാംമമദൈവം
തവതിരുവചനമതണുവോളംവെടിയുവാൻ
ആവതില്ലായതിനാൽ മമപാപം
അതിദയയൊടുപൊറുത്താമയമൊഴിച്ചിട്ടുവാൻ
(മറിയമേ!...

(എം. വി. ലോന്നൻ.)

---

മിററ്ഫോർഡിൻെറ ഭാര്യയായ മിസ്സസ് ബേററാം മിററ്ഫോർഡും മതപരിവത്തനം ചെയ്യ ഗണനീയന്മാരിൽ ഒരാളാണ്.

ഇക്കഴിഞ്ഞ ജൂൺമാസം ൩—നു- അമേരിക്കായിൽ ന്യൂജേർസിലുള്ള സെൻറു ജോൺസ് ദേവാലയത്തിൽവച്ച് റഷ്യൻ ഓത്ത്ഡോക്ക്സ് ജോസഫ് ക്രൂറിലൊ അവർകൾ, കത്തോലിക്കാ മതവിശ്വാസത്തെ പരസ്യമായി അനുസരിച്ചുപറയുകയുണ്ടായി. ഇദ്ദേഹം വില്ലിമാൻറിക്കിലെ ഒരു ദേവാലയത്തിൻെറ വികാരിയായിരുന്നു. ൨൫൦ ആളുകളുള്ള ആ ഇടവക മുഴുവനും ഇദ്ദേഹത്തിൻെറകൂടെ കത്തോലിക്കാ സഭയിൽ ചേന്നിരിക്കുന്നു.

# മാസികാവരിപ്പണം അടച്ചവരുടെ
## പേരുവിവരം.

ഒരുരൂപാവീതം.

മ. രാ. രാ. അവർകൾ,

നടെപ്പിള്ളി വക്കി ദേവസ്സി, മായപ്പള്ളിൽപാക്കം വെട്ടിക്കാപ്പള്ളിൽ ഉലഹന്നൻ ഔസേപ്പ്, പി. വി. തോമ്മസ്, റ്റി. സി. ജോസഫ്, വെച്ചിയാനിക്കൽ ചെറിയാൻ, കരുവിനാക്കന്നേൽ തൊമ്മൻ തൊമ്മൻ, ബ. പുരയിടത്തിൽ മാണിയച്ചൻ, ബ. തുരുത്തിയിൽ യൌസേപ്പച്ചൻ, ബ. കോച്ചേരി മത്തായിയച്ചൻ, ബ. വടക്കേമുറിയിൽ അബ്രാഹമച്ചൻ, ബ. മാടപ്പാട്ടായ കൊടക്കച്ചിറ യൌസേപ്പച്ചൻ, ബ. എഴുപിലായിൽ യൌസേപ്പച്ചൻ, കൊച്ചേക്കന്നേൽ വറീതു, കുഴിയാമ്പ്ലാവിൽ പുന്നൂസ് മത്തായി, മാറാട്ടുകളത്തിലായ കല്ലുകളത്തിൽ വക്കി മത്തായി, പായിക്കാട്ടു ഗീവറുഗീസ് ദേവസ്യാ, മാമ്മൂട്ടിൽ ഉലഹന്നൻ ഔസേപ്പ്, ആല്പംമൂട്ടിൽ അവിരാ ചാക്കോ, ബ. വാഴപ്പള്ളിൽ ഗീവറുഗീസച്ചൻ, പീറ്റർ റഫായേൽ ഗോമ്മസ്, കയ്പ്പാപുരയിടത്തു പുന്നൂസ് മാത്തു, ബ. പുറക്കരിയിൽ ദേവസ്സി അച്ചൻ.

പലവക.

ബ. കൊച്ചീക്കന്നേൽ മത്തായി അച്ചൻ ൨ രൂ.
Rev. Fr. M. J. Menezes, ൨ രൂ.
Rev. Fr. Joseph Conception, ൨ രൂ. ൨൧ ച, ൩ കം.
കടവുങ്കൽ കയ്യൻ ദേവസ്യാം ൪ രൂ.
ബ. പള്ളിക്കന്നേൽ യാക്കോച്ചൻ ൨ രൂ.
L. J. Gomez, Ponmudi Estate ൨ രൂ.
Peter Bastian Singapore Cold Storage Coy. Ltd. ൧ രൂ. ൧൮ ച, ൮ ക.
ബ. മുട്ടത്തുപാടത്തു യൌസേപ്പച്ചൻ ൧ രൂ. ൧൮ ച.

REGISTERED No. M. 365

# പഞ്ചാംഗം.

൧൯൧൭ ഒക്ടോബർ— ൧൦൯൩ കന്നി. —തുലാം.

| മാസം. | തീയതി. | മാസം. | തീയതി. | ആഴ്ച. | വിശേഷ ദിവസങ്ങൾ. | |
|---|---|---|---|---|---|---|
| ◑ | 1 | | ൧൫ | തി | മെൽ. മല്ല. ഈറ. കന്നി ൩൦ ന. ആ. ക. പെ. | വെ. |
| | 2 | | ൧൬ | ചൊ | † കാവൽ മാലാ. ന. ആ. ക. പെ. | വെ. |
| | 3 | | ൧൭ | ബു | പാ. വേ. ലീനോ. കന്നി ൨൩ ന. ആ. ക. പെ. | ച്യു. |
| | 4 | | ൧൮ | വ്യാ | മെൽ. പ്രാംസി. ന. ആ. ക. പെ. | വെ. |
| | 5 | | ൧൯ | വെ | വേ. പ്ലാസി. ക്രു. ന. ആ. ക. പെ. | ച്യു. |
| | 6 | | ൨൦ | ശ | † മെൽ ബ്റുണോ. ന. ആ. ക. പെ. | വെ. |
| | 7 | | ൨൧ | ഞാ | ✠ പന്ത. ൧൯-ാം ന. ക. ആ. കൊ. മാ. ·൨൩ ·൦ ·൨ | പ. |
| | 8 | കന്നി. | ൨൨ | തി | † വിധ. ബ്രിജീത്ത. ന. ആ. ക. പെ. | വെ. |
| | 9 | | ൨൩ | ചൊ | വേ. ദിയൊ. ക്രു. ന. ആ. ക. പെ. | ച്യു. |
| | 10 | | ൨൪ | ബു | † മെൽ. പ്രാംസി. ബോർ. ന. ആ. ക. പെ. | വെ. |
| | 11 | | ൨൫ | വ്യാ | പാ. മെൽ. മക്കോ. ഈറ ൭ ന. ആ. ക. പെ. | വെ. |
| | 12 | | ൨൬ | വെ | വേ. കൊറ്ഗ്ഗ്. ക്രു. കന്നി ൧൬ ന. ആ. ക. പെ. | ച്യു. |
| ഒക്ടോബർ | 13 | | ൨൭ | ശ | † മെൽ. എദ്വാർദ് ന. ആ. ക. പെ. | വെ. |
| | 14 | | ൨൮ | ഞാ | ✠ പന്ത ൨൦ാം ന. ക. ആ. ൮൦ ·൭ ·൩ | പ. |
| | 15 | | ൨൯ | തി | † ക. ത്രേസ്യാ. ന. ആ. ക. പെ. | വെ. |
| ● | 16 | | ൩൦ | ചൊ | പാ. വേ. കലി. ഈറ. ൧൪ ന. ആ. ക. പെ. | ച്യു. |
| | 17 | | ൧ | ബു | † ക. മറി. മഗ്ഗ്രി. അൽ. ന. ആ. ക. പെ. | വെ. |
| | 18 | | ൨ | വ്യാ | ലൂക്കാ ഏവൻ ന. ആ. ക. പെ. | ച്യു. |
| | 19 | | ൩ | വെ | † മെൽ. പത്രോ അല. ന. ആ. ക. പെ. | ച്യു. |
| | 20 | | ൪ | ശ | † മെൽ. യോഹ. ന. ആ. ക. പെ. | ച്യു. |
| | 21 | | ൫ | ഞാ | ✠ പന്ത ൨൧ാം ന. ക. ആ. ·൫൨ ·൨ ·൨ | പ. |
| | 22 | | ൬ | തി | † മറിയം ശാലോം ന. ആ. ക. പെ. | വെ. |
| | 23 | | ൭ | ചൊ | † ദിവ്യരക്ഷകൻ ന. ആ. ക. പെ. | വെ. |
| | 24 | തുലാം | ൮ | ബു | † റപ്പേൽ മാലാഖാ ന. ആ. ക. പെ. | വെ. |
| | 25 | | ൯ | വ്യാ | വേ. ക്രസാ. ക്രു. ന. ആ. ക. പെ. | ച്യു. |
| | 26 | | ൧൦ | വെ | പാ. വേ. ഏവാരി. ന. ആ. ക. പെ. | ച്യു. |
| | 27 | | ൧൧ | ശ | ശിമ. യൂദ. ത. ന. ആ. ക. ത. | റോ. |
| | 28 | | ൧൨ | ഞാ | ✠ പന്ത ൨൨ാം ന. ക. ആ. ·൨൪ ·൨ ·൩ | പ. |
| | 29 | | ൧൩ | തി | ശിമ. യൂദ. സ്ലീ. ഇന്നലെ ന. ആ. ക. പെ. | ച്യു. |
| | 30 | | ൧൪ | ചൊ | മെൽ. ഫില്ലൊ. ഈറ ൨൧ ന. ആ. ക. പെ. | വെ. |
| ◐ | 31 | | ൧൫ | ബു | സ. ശു. ത. ന. ആ. ക. ത. (ഇ. വി.) | റോ. |

✠ ഈ അടയാളം എല്ലാവർക്കും കടമുള്ള ദിവസം. (✠) കടം നീക്കപ്പെട്ട ദിവസം. (ഇ. വി.) ഇറച്ചി വിലക്കുള്ള ദിവസം. † പുതുതായി ചേർക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor by A. P. Mani at
St. Joseph's Press, Mannanam.